# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കണ്ണൂർ**
**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി -7/1328/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

തീയ്യതി: 16/10/2025

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി -7/1328/2025 തീയ്യതി: 16/10/2025

## കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2024 മുതൽ 20-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 64 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 63 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജ്യോതിഷ് കുമാർ സി.വി | ഡെപ്യൂട്ടി ഡയരക്ടർ | 21-07-2025 | 04-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-07-2025 | 04-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഷഹീൻ പി - ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീനാഥ് വി - ഓഡിറ്റർ
ശ്രീമതി.രേഷ്മ പി - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി എ വി സുശീല | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ ദിവാകരൻ ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 26-04-2024 |
| ശ്രീ പ്രീജിത്ത് എൻ | സെക്രട്ടറി | 27-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സാവിത്രി എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 04-11-2024 |
| ശ്രീമതി നവ്യ വേണുഗോപാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 05-11-2024 | 03-12-2024 |
| ശ്രീമതി ശില്പ കെ പി | അസിസ്റ്റന്റ് എഞ്ചിനീയർ | 04-12-2024 | 19-01-2025 |
| ശ്രീമതി രേഖ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 20-01-2025 | 31-03-2025 |
| ശ്രീമതി രാജശ്രീ കെ കെ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ഗീത പി ടി | ഹെഡ് മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |
| ശ്രീമതി സീമ ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി കവിത കെ കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി റംല | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 11-08-2024 |
| ശ്രീമതി പ്രീത കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 12-08-2024 | 31-03-2025 |
| ഡോ രശ്മിത കെ എം | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2024 | 31-03-2025 |
| ഡോ.അനിൽ കുമാർ ടി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ ദിവാകരൻ ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ ബോബി ആർ എസ് | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ഡോ.അനീഷ് ബാബു ടി | മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 01-04-2024 | 31-03-2025 |
| ശ്രീ അരുൺ സുരേഷ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് | 1-1-1 |
| 2 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ  പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ  കാലീകമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ഗുണഭോക്തൃവിഹിതം ക്രമീകരിക്കാതെ ബാധ്യതയായി സൂക്ഷിച്ചിരിക്കുന്നു. | 1-1-5 |
| 7 | വിനിയോഗ സാക്ഷ്യ പത്രം/ പൂർത്തീകരണ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ലാത്ത നിക്ഷേപ പ്രോജക്ടുകളുടെ ചെലവ് വിവരം ബി- 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | ടെണ്ടർ  ഫോറം സ്റ്റോക്ക് & സെയിൽ  രജിസ്റ്റർ  പരിപാലിക്കുന്നില്ല | 1-1-7 |
| 9 | വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയില്ല | 1-1-8 |
| 10 | പ്രയർ  പിരിയഡ് ഐറ്റംസ്-രേഖകൾ  സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് നിക്ഷേപം തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ  നടത്തിയതിന്റെ വിവരം | 1-10 |
| 21 | ഗ്രാമസഭ | 1-11 |
| 22 | തൊഴിൽ  നികുതി വൈകി അടവാക്കിയ നികുതിദായകരിൽ  നിന്നും പിഴ ഈടാക്കിയതിലെ അപാകം | 1-12 |
| 23 | വാടക ബൈലാ തയ്യാറാക്കിയില്ല. | 1-13 |
| 24 | അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 25 | വസ്തു നികുതി നിർണ്ണയത്തിൽ ഉയർന്നതരം തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് കണക്കാക്കിയിട്ടില്ല | 1-15 |
| 26 | ഹോസ്പിറ്റൽ  മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കുന്നില്ല | 1-16 |
| 27 | അതുല്യം പദ്ധതി-പഠിതാക്കൾ  കോഴ്സ് പൂർത്തിയാക്കി പരീക്ഷക്ക് ഹാജരായതിന്റെ വിശദാംശങ്ങൾ  ലഭ്യമാക്കിയിട്ടില്ല. 37,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 28 | പത്താമുദയം സമ്പൂർണ ഹയർസെക്കൻഡറി വിദ്യാഭ്യാസ പദ്ധതി-പഠിതാക്കൾ  കോഴ്സ് പൂർത്തിയാക്കി പരീക്ഷക്ക് ഹാജരായതിന്റെ വിശദാംശങ്ങൾ  ലഭ്യമാക്കിയിട്ടില്ല - 11,700 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |

| | | |
|---|---|---|
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - രേഖകൾ ലഭ്യമാക്കിയിട്ടില്ല - 19570 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 30 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അധികമായി അനുവദിച്ച തുക തിരിച്ചടച്ചത് സർക്കാരിലേക്ക് തിരികെ ഒടുക്കിയില്ല - 8492 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 31 | പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല- 2,78,586 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 32 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അധികമായി അനുവദിച്ച തുക തിരിച്ചടച്ചത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല - 34,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 33 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - നിർമ്മാണം പൂർത്തിയായിട്ടില്ല | 1-23 |
| 34 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല | 1-24 |
| 35 | ബഡ്സ് സ്കൂളിന്റെ വാഹനസൗകര്യം പ്രയോജനപ്പെടുത്തുന്ന വിദ്യാർത്ഥികൾക്ക് ഡേ സ്കോളർഷിപ്പ് യാത്രാ ബത്ത അനുവദിച്ചു - 1,20,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 36 | വനിതകൾക്ക് ഫിറ്റ്നസ് സെന്റർ - വരവ് ചെലവ് സംബന്ധിച്ച് കൃത്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹4,90,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 37 | മഴക്കാലപൂർവ്വ ശുചീകരണം വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. 4,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 38 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല. 15,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 39 | തെരുവ് വിളക്കുകൾക്ക് ലൈൻ വലിക്കൽ - പൂർത്തീകരണം, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 13,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 40 | ഐ കെ എം വിഹിതം നൽകൽ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. 1,00,153 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 41 | തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും - ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. 589808 രൂപയുടെ ചെലവ് തടസ്സപ്പടുത്തുന്നു. | 1-31 |
| 42 | വൈദ്യുതി തൂണുകൾ മാറ്റി സ്ഥാപിക്കൽ - പൂർത്തീകരണം, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.94,879 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-32 |
| 43 | വസ്തുനികുതി 100% പിരിവ് കൈവരിച്ചതിന് വ്യത്യസ്ത മാനദണ്ഡം സ്വീകരിച്ച് തുക അനുവദിച്ചു- 1,95,371 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33 |
| 44 | ഗ്രാമകേന്ദ്രങ്ങളിൽ കസേര വാങ്ങൽ - കാരണം വ്യക്തമാക്കാതെ കുറഞ്ഞനിരക്കിലുള്ള ടെണ്ടർ ഒഴിവാക്കി - 2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34 |
| 45 | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് - നിർവ്വഹണത്തിലെ അപാകങ്ങൾ - 19,132 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-35 |
| 46 | ഹരിതകർമ്മ സേന ഡ്രൈവർക്ക് വേതനം നൽകൽ - അപാകങ്ങൾ -10,220 രൂപയുടെ ചെലവ് നിരാകരിക്കുന്നു. 2,14,620 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-36 |
| 47 | സോളാർ പ്ലാന്റ് സ്ഥാപിക്കൽ - വൈദ്യതി നിരക്കിൽ കുറവ് പ്രതിഫലിക്കുന്നില്ല.രേഖകൾ ഹാജരാക്കിയിട്ടില്ല - 19,02,910 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-37 |

| | | |
|---|---|---|
| 48 | കണ്ണൂർ വിവരസഞ്ചയിക – പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ 2,20,000 രൂപയുടെ ചെലവ് തടസ്സപ്പടുത്തുന്നു. | 1-38 |
| 49 | വേളാപുരം നരയൻകുളം ജനകീയ റോഡ് ഇന്റർ ലോക്ക് പൂർത്തീകരിക്കുന്നതിലെ കാലതാമസം - പിഴ ഈടാക്കിയില്ല. | 1-39 |
| 50 | ശമ്പള പരിഷ്കരണ കുടിശ്ശിക – സർക്കാർ നിർദ്ദേശം പാലിക്കാതെ തുക അനുവദിച്ചു 21450 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-40 |
| 51 | വ്യക്തിഗത അക്കൗണ്ടിൽ തുക അനുവദിക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-41 |
| 52 | ആരോഗ്യ മേഖല ഗ്രാന്റ് - അവലോകനം | 1-42 |
| 53 | ജലജീവൻമിഷൻ പദ്ധതി | 1-43 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് - നിർവ്വഹണത്തിലെ അപാകങ്ങൾ - 19,132 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| 2 | ഹരിതകർമ്മ സേന ഡ്രൈവർക്ക് വേതനം നൽകൽ - അപാകങ്ങൾ -10,220 രൂപയുടെ ചെലവ് നിരാകരിക്കുന്നു. 2,14,620 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-2 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം -ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6056752 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹9471714 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 10.06.2025 തീയതിയിലെ 1/138/2025 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 19.06.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 31.03.2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

കണ്ണൂർ,
16-10-2025.

## 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക

ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

B) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62 F പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

C) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

D) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല

## 1-1-4 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങളായ വസ്തുനികുതി, തൊഴിൽനികുതി ട്രേഡേഴ്സ്, വാടക തുടങ്ങിയവ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി, തൊഴിൽ നികുതി, വാടക എന്നിവയ്ക്ക് ഡിമാൻഡ് രേഖപ്പെടുത്തിയിരിക്കുന്നത് 31-03-2025നാണ്.

## 1-1-5 ഗുണഭോക്തൃവിഹിതം ക്രമീകരിക്കാതെ ബാധ്യതയായി സൂക്ഷിച്ചിരിക്കുന്നു.

ബി-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃവിഹിതം ₹151643 ക്രമീകരിക്കാതെ ബാധ്യതയായി സൂക്ഷിച്ചിരിക്കുന്നു. മുൻ വർഷങ്ങളിൽ വാങ്ങിയിട്ടുള്ള തുകയിൽ അധികം വന്ന തുകയും പദ്ധതി പൂർത്തിയാകാത്തതിനാൽ മിച്ചം വന്ന തുകയും തനത് ഫണ്ടിലേക്ക് ക്രമീകരിച്ചിട്ടില്ല.

## 1-1-6 വിനിയോഗ സാക്ഷ്യ പത്രം/ പൂർത്തീകരണ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ലാത്ത നിക്ഷേപ പ്രോജക്ടുകളുടെ ചെലവ് വിവരം ബി- 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ചുവടെ ചേർത്ത നിക്ഷേപ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യ പത്രം/ പൂർത്തീകരണ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | നിർവഹ- ഉദ്യോഗസ്ഥൻ | പ്രോജക്ട് നമ്പറും പേരും | നിക്ഷേപ പ്രവർത്തിക്കായി നൽകിയ തുക | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | സെക്രട്ടറി | 201/25 വൈദ്യുതി തൂണുകൾ മാറ്റി സ്ഥാപിക്കൽ | 94879 (ധനകാര്യ കമ്മീഷൻ അവാർഡ്, തനത് ഫണ്ട്) | KSEB |
| 2 | സെക്രട്ടറി | 169/25 പഞ്ചായത്ത് സ്കൂളുകളിൽ സോളാർ പ്ലാന്റ് നിർമാണം | 1402910 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | ANERT |
| 3 | സെക്രട്ടറി | 123/25 സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ | 500000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | ANERT |

മേൽ പരാമർശിച്ച തുകകൾ ബി- 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-7 ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ പരിപാലിക്കുന്നില്ല

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ 55,943 രൂപ വരവുണ്ട്. എന്നാൽ ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ പരിപാലിക്കുന്നില്ല.

## 1-1-8 വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്.ഇത്തരത്തിൽ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-9 പ്രയർ പിരിയഡ് ഐറ്റംസ്-രേഖകൾ സൂക്ഷിച്ചിട്ടില്ല

I-18,I-19ഷെഡ്യൂളുകളിലെ പ്രയർ പിരിയഡ് ഇൻകം, പ്രയർ പിരിയഡ് എക്സ്പെൻഡിച്ചർ എന്നിവയിൽ കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.

## 1-1-10 സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് നിക്ഷേപം തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല

ബാലൻസ് ഷീറ്റ് B 7 ഷെഡ്യൂളിൽ സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് നിക്ഷേപമായി 23,000/- ബാധ്യതയായി സൂക്ഷിച്ചിരിക്കുന്നു. പ്രസ്തുത തുക 2020 വർഷത്തിൽ സ്ഥാനാർത്ഥികൾ തിരികെ വാങ്ങാത്ത തുകയാണ്. ആയത് തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല.

## 1-2 ബജറ്റ്

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനം നമ്പർ /തീയതി | 10/2024, 07/02/2024 | 19/2025, 06/03/2025 |
| ഭരണസമിതി തീരുമാനം നമ്പർ /തീയതി | 19/2024, 12/02/2024 | 68/2025, 20/03/2025 |
| മുന്നിരിപ്പ് | 2,43,20,663 | 7,87,66,806 |
| വരവ് | 24,15,08,700 | 21,59,13,282 |
| ആകെ | 26,58,29,363 | 29,46,80,088 |
| ചെലവ് | 22,91,65,540 | 21,52,19,749 |
| നീക്കിയിരിപ്പ് | 3,66,63,823 | 7,94,60,339 |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,42,86,054 |
| വരവ് | 7,23,20,638 |
| ആകെ | 12,66,06,692 |
| ചെലവ് | 6,62,63,886 |
| നീക്കിയിരിപ്പ് | 6,03,42,806 |
| വരവിനത്തിലെ നഷ്ടം | ഇല്ല |
| ചെലവിനത്തിലെ നഷ്ടം | 29,352 |
| തടസ്സപ്പെടുത്തിയ തുക | 77,39,039 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 23512000 | 23512000 | 23512000 | 0 |
| വികസന ഫണ്ട് | - | 6646000 | 6646000 | 6646000 | 0 |

| | | | | | |
|---|---|---|---|---|---|
| (എസ്.സി.പി.) | | | | | |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 10903000 | 10903000 | 10522810 | 380190 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 6099000 | 6099000 | 4810940 | 1288060 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 1422424 | 3961486 + 204402 (പലിശ)= 4165888 | 5588312 | 4542872 | 1045440 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 1384590 | 9395000 | 10779590 | 4813958 | 5965632 |
| അവാർഡ് & ഹോണേഴ്സ് | 2005576 | - | 2005576 | 686607 | 1318969 |
| നാഷണൽ റൂറൽ ഹെൽത്ത് മിഷൻ | 42466 | - | 42466 | - | 42466 |
| എസ്.എസ്.എ | 35385 | - | 35385 | - | 35385 |
| ഐ.സി.ഡി.എസ് | 2366214 | 2439157 | 4805371 | 2048099 | 2757272 |
| ടോട്ടൽ സാനിറ്റേഷൻ | 613107 | 16262 | 629369 | 603813 | 25556 |
| ലൈബ്രറി ഗ്രാന്റ് | 28434 | 21820 | 50254 | 21820 | 28434 |
| ലൈഫ് സംസ്ഥാന സർക്കാർ വിഹിതം | 100000 | 1800000 | 1900000 | 1340000 | 560000 |
| പി.എൻ പണിക്കർ ഫൌണ്ടേഷൻ | 100000 | - | 100000 | - | 100000 |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ് – സ്റ്റേറ്റ് | 2425844 | - | 2425844 | - | 2425844 |
| മുനിസിപ്പൽ കോർപ്പറേഷൻ ഫണ്ട് (നഗരസഞ്ചയ) | 4438 | - | 4438 | - | 4438 |
| ബഡ്സ് സ്കൂൾ വിദ്യാഭ്യാസ ഗ്രാന്റ് | 926492 | 1430196 | 2356688 | 731626 | 1625062 |
| സാക്ഷരത | 23601 | 642 | 24243 | - | 24243 |
| അദർ ഗ്രാന്റ്സ് ഫണ്ട്സ് കോൺട്രിബ്യൂഷൻസ് | 1,30,432 | - | 1,30,432 | - | 1,30,432 |
| വാതിൽപ്പടി സേവനം - പ്രവർത്തകരെ ആദരിക്കാനായി ലഭിച്ച ഗ്രാന്റ് | 10,000 | - | 10,000 | - | 10,000 |
| ഹെൽത്ത് ഗ്രാന്റ് ആയുഷ്മാൻ പദ്ധതി | 246702 | - | 246702 | 157074 | 89628 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാ സ്ട്രക്ചർ | 889454 | 484343 | 1373797 | 332249 | 1041548 |
| ഹെൽത്ത് ഗ്രാന്റ് കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി ടു വെൽനസ് സെന്റേഴ്സ് | 441314 | 659484 | 1100798 | 257219 | 843579 |
| കണ്ണൂർ കോർപ്പറേഷൻ വിഹിതം | 1800 | 712513 | 714313 | 714313 | 0 |
| ബഡ്സ് സ്കൂളിനു വേണ്ടിയുള്ള കുടുംബശ്രീ ഗ്രാന്റ് | 141824 | - | 141824 | 139005 | 2819 |
| സ്വച്ഛ ഭാരത അഭിയാൻ | - | 420000 | 420000 | 420000 | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 2024-25 | 243 | 147527922 | 82889729 | 169 | 67 | 74 | 102 | 41.98 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 12 | 6135670 | 5622373 | 91.63 |
| വെറ്റിനറി സർജൻ | 8 | 8 | 3389050 | 2668850 | 78.74 |
| മെഡിക്കൽ ഓഫീസർ-സി എച്ച്സി | 11 | 6 | 44,18,176 | 17,24,891 | 39.04 |
| മെഡിക്കൽ ഓഫീസർ -ആയുർവേദം | 4 | 4 | 10,41,453 | 10,35,669 | 99.44 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 600000 | 600000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 7 | 7 | 29160795 | 18347787 | 62.91 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 12 | 11 | 6070134 | 3091114 | 50.92 |
| ഐസിഡിഎസ് സൂപ്പർവൈസർ | 25 | 22 | 15005042 | 9772858 | 65.13 |
| സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 62 | 42 | 24505948 | 13075357 | 53.36 ** |
| ഹെഡ് മാസ്റ്റർ, ഗവൺമെന്റ് എൽ പി സ്കൂൾ | 14 | 13 | 8279334 | 6817084 | 82.34 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 79 | 37 | 4,51,12,638 | 1,74,76,955 | 38.74 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1071606 | 576611 | 53.81 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 4 | 4 | 2738076 | 2080180 | 75.97 |

| | | | | | |
|---|---|---|---|---|---|
| ആകെ | 243 | 169 | 147527922 | 82889729 | 56.18 |

**ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ തിരിച്ചടവ്, അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ നിന്ന് കുറവു ചെയ്ത തുക അടങ്കലിൽ ചേർക്കാതെ ചെലവു കാണിച്ചതിനാൽ സുലേഖ ചെലവ് പത്രികയിലെ ചെലവു ശതമാനം കൂടിയിട്ടുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കൂലി | 0 | 16468668 | 16468668 | 16468668 | 0 |
| ഭരണചെലവ് | 0 | 839562 | 839562 | 839562 | 0 |
| | 0 | 1,73,08,230 | 1,73,08,230 | 1,73,08,230 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

2024-25വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 38,26,000 | 189 |
| വിധവാ പെൻഷൻ | 2,21,51,900 | 1225 |
| വാർദ്ധക്യകാല പെൻഷൻ | 5,62,18,200 | 3215 |
| വികലാംഗ പെൻഷൻ | 66,66,700 | 354 |
| വിവാഹ ധനസഹായം | 1,80,000 | 6 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 26,30,200 | 148 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2025 ന് 02.45 Pm മണിക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2065 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്.

ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകൾ രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. സ്പിൽ ഓവർ പ്രൊജക്ടുകളുടെ ഫയലുകൾ മുൻവർഷത്തെ ചെലവുകൾ രേഖകൾ ഉൾപ്പെടുത്താതെയാണ് സൂക്ഷിക്കുന്നത്. ഇത് കാരണം മുൻവർഷം നടത്തിയ ചെലവുകൾ സംബന്ധിച്ച് വിവരം ലഭ്യമാകുന്നില്ല. സ്പിൽ ഓവർ പ്രോജക്ടുകൾ മുൻവർഷങ്ങളിലെ ചെലവുകൾ കൂടി ഉൾപ്പെടുത്തി ഒറ്റ ഫയലായി സൂക്ഷിക്കേണ്ടതാണ്.

കണ്ണൂർ വിവര സഞ്ചയിക പ്രോജക്ടിൽ ഉൾപ്പെടുത്തി വിശദമായ ഡാറ്റാ എടുത്തിട്ടുണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിലവിലുള്ള ഡാറ്റകൾ ഒത്തുനോക്കി വ്യത്യാസത്തിന് അനുസരിച്ച് വസ്തു നികുതി, തൊഴിൽ നികുതി, മറ്റ് വരവുകൾ എന്നിവ പരിഷ്കരിക്കുന്നതിന് സാധിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന് പ്രയോജനം ഉണ്ടായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പുറമെ നിലവിലുള്ള ഗ്രാമപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകൾക്കും

കണ്ടിഞ്ജന്റ് ചെലവ് മുൻകൂർ അനുവദിക്കുന്നുണ്ട്. ഇങ്ങനെ നൽകുന്ന മുൻകൂറുകളുടെ രേഖകൾ പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. നിർവ്വഹണ കണ്ടിഞ്ജന്റ് ചെലവിന് പ്രൊജക്ട് തയ്യാറാക്കുകയും, പ്രോജക്ടിൽ ഉൾപ്പെടുത്താതെ തനത് ഫണ്ട് ഉപയോഗിച്ച് കണ്ടിജന്റ് ചെലവ് നടത്തുകയും ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുന്നത് മുതൽ പൂർത്തീകരണം വരെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. പ്രവൃത്തി നിർവ്വഹിച്ചതിനു ശേഷം നിരീക്ഷണ കാലയളവിൽ (Defect Liability Period) ഉണ്ടാകുന്ന അറ്റകുറ്റ പണികൾ പ്രസ്തുത കരാറുകാരനെ കൊണ്ട് തന്നെ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പി.ഡബ്ല്യൂ.ഡി മാന്വലിൽ നിഷ്കർഷിച്ചത് പ്രകാരമുള്ള പിഴ ഈടാക്കാതെ ഭരണസമിതി തീരുമാനപ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് ഒറിജിനൽ കാലാവധിയുടെ പകുതിയിലധികം നീട്ടി നൽകുന്നത് ക്രമപ്രകാരമല്ല. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റ് നിർത്തലാക്കുന്നതിന് മുൻപുള്ള പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള പരാമർശങ്ങളും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങളും പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്.

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും 2024-25വാർഷിക സാമ്പത്തിക വർഷം നാല് തവണ ഗ്രാമസഭ ചേർന്നിട്ടുണ്ട്. (07/2024, 08/2024, 12/2024 (രണ്ട് തവണ) 01/2025) പദ്ധതി രൂപീകരണം, ഗുണഭോക്തൃപട്ടിക തയ്യാറാക്കൽ, 2023-24 വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ പദ്ധതി നിർവ്വഹണം, പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ മാലിന്യ മുക്ത പഞ്ചായത്ത്, ലഹരി വിരുദ്ധ കാമ്പയിൻ, എം ജി എൻ ആർ ജി ഇ എസ് പി എം എ വൈ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ എന്നിവ വിവിധ ഗ്രാമസഭകളിൽ അജണ്ടയായി ഉൾപ്പടുത്തി തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ഗ്രാമസഭാ മിനുട്സ് അതത് ഗ്രാമസഭകളിൽ പങ്കെടുക്കുന്നവരിൽ 15 പേരെങ്കിലും സാക്ഷ്യപ്പെടുത്തി ഒപ്പു വയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി വൈകി അടവാക്കിയ നികുതിദായകരിൽ നിന്നും പിഴ ഈടാക്കിയതിലെ അപാകം

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം വിജ്ഞാപനം പ്രകാരം 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.പ്രസ്തുത ഭേദഗതി പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ രണ്ട് ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുണ്ട്. (ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്നതും നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ ഈടാക്കേണ്ടതില്ല). എന്നാൽ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതിയിനത്തിൽ നൽകേണ്ട തുക ആ അർദ്ധവർഷം തന്നെ നൽകാതിരുന്നപ്പോൾ 2 ശതമാനം നിരക്കിൽ പിഴ ഈടാക്കുന്നതിന് പകരം ഒരു ശതമാനം നിരക്കിൽ മാത്രമാണ് നികുതിദായകരിൽ നിന്നും ഗ്രാമപഞ്ചായത്ത് ഈടാക്കിയതെന്ന് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഐ എൽ ജി എം എസ് എന്നിവ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്.
തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.08.2000 തീയതിയിലെ 51457/എൻ 1/ തഭവ നമ്പർ സർക്കുലർ പ്രകാരം ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി പിഴ പലിശ നൽകേണ്ടിവരുന്ന തീയതി സെപ്തംബർ ഒന്നു മുതലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി സപ്തംബർ മാസത്തിന് ശേഷം അടച്ചപ്പോൾ നികുതിക്ക് പിഴ കണക്കാക്കിയത് ഒക്ടോബർ മാസം മുതലാണ്.
മേൽ സർക്കാർ ഉത്തരവിൽ/വിജ്ഞാപനത്തിൽ നിഷ്കർഷിച്ച പ്രകാരം പിഴ ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറിയെ (5/23.07.2025)തുടർന്ന് സ്ഥാപനങ്ങളിൽ നിന്നും കുറവു വന്ന പിഴ 4220 രൂപ ഈടാക്കിയിട്ടുണ്ട്. തൊഴിൽ നികുതി വൈകി അടവാക്കിയ മുഴുവൻ നികുതിദായകരിൽ നിന്നും കൃത്യമായ നിരക്കിൽ തന്നെയാണോ പിഴ ഈടാക്കിയിട്ടുള്ളതെന്ന് പരിശോധിച്ച് നടപടികൾ സ്വീകരിച്ച്

അറിയിക്കേണ്ടതാണ്.

**1-13 വാടക ബൈലാ തയ്യാറാക്കിയില്ല.**

പഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകയ്ക്ക് നൽകുമ്പോൾ 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലാകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256ാം വകുപ്പിലെ 1ാം ഉപവകുപ്പ്, 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങളിലെ 7ാം ചട്ടം എന്നിവ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് വാടക ബൈലാ തയ്യാറാക്കി ആയതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. മേൽ നിർദ്ദേശങ്ങൾ പ്രകാരം വാടക ബൈലോ തയ്യാറാക്കി ഇതുവരെയായും അംഗീകാരം വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/28.07.2025) ബൈലോ തയ്യാറാക്കി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അംഗീകാരം വാങ്ങുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് . വാടക ബൈലോ തയ്യാറാക്കി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ അംഗീകാരം വാങ്ങി വിവരം അറിയിക്കേണ്ടതാണ്.

**1-14 അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല**

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ് .എ2/2023/നിയമം ഉത്തരവ് പ്രകാരം (2023ലെ 18-ാം ആക്ട്) 01-04-2023 പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബിഎ) ഖണ്ഡിക റദ്ദാക്കുകയുണ്ടായി. ഇതു പ്രകാരം 01-04-2023 മുതൽ സർക്കാരിന്റെ അംഗീകാരം ഉള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും അനുവദിച്ചിരുന്ന വസ്തു നികുതി ഇളവ് ഒഴിവാക്കിയിട്ടുണ്ട്. പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടുണ്ടോ എന്നുള്ള ഓഡിറ്റ് അന്വേഷണത്തിന്(14/28.07.2025) പരിശോധന നടത്തി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പരാമർശിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-15 വസ്തു നികുതി നിർണ്ണയത്തിൽ ഉയർന്നതരം തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് കണക്കാക്കിയിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. താഴെക്കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ തറനിർമ്മിതി, മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവകൊണ്ടുള്ളതാണ് എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മേൽത്തരം തറനിർമ്മിതിയുള്ള 250 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 15% വർദ്ധനവ് കൂടി ഈടാക്കേണ്ടതുണ്ടെങ്കിലും ഈ കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കുമ്പോൾ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് വരുത്തിയിട്ടില്ല.

| വാർഡ് നം/കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണം (ച.മീ.) | ഉപയോഗക്രമം |
|---|---|---|---|
| 4/333 A,B,C,D,E,F,G,H,I,J,K, L,M,N | കരിയാടന്റകത്ത് പുതിയപുരയിൽ അബ്ദുൾ സമദ് | 358.68 | വാണിജ്യാവശ്യം-100 ച മീ മുകളിൽ 500 ച.മീ |

| | | | |
|---|---|---|---|
| | | | വരെയുള്ളവ |
| 5/547/E,F,G,H,I | തോലിച്ചി റസിയ, തോലിച്ചി തനൂജ, തോലിച്ചി ജഹീർ | 554.74 | വാണിജ്യാവശ്യം-500ച.മീ മുകളിൽ |
| 14/296,A,B,C,D,E,F,G,H,I,J,K,L,M,N,O,P,Q | അഹമ്മദ് മുഹമ്മദ് അശ്രഫ്, ജസില എം | 834.03 | വാണിജ്യാവശ്യം-500ച.മീ മുകളിൽ |

മേൽ കെട്ടിടങ്ങൾക്ക് വസ്തു നികുതിയിന്മേൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് കണക്കാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/28.07.2025) വർദ്ധനവ് വരുത്തുന്നതിന് ആവശ്യമായ ഓപ്ഷൻ സോഫ്റ്റ് വെയറിൽ ലഭ്യമല്ലെന്നും ഈ പിഴവ് പരിഹരിക്കുന്നതിന് സോഫ്റ്റ് വെയറിലെ പ്രശ്നങ്ങൾക്കുള്ള പരാതി നൽകുന്ന സൂചിക സോഫ്റ്റ് വെയറിൽ പരാതി നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ആയത് പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-16 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കുന്നില്ല

2010ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്ന പോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നു കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിക്കുന്ന മുറക്ക് അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് (സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് കാര്യാലയം, ബി എസ് എൻ എൽ ഭവൻ മൂന്നാം നില, കണ്ണൂർ-1) ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ സി എച്ച് സി, ആയുർവേദം, ഹോമിയോ എന്നിവയുടെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ നാളിതുവരെ (ആയുർവേദം 2017-18 വരെ) ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ കുടുംബക്ഷേമവകുപ്പ് സെക്രട്ടറിയുടെ 18-01-2006ലെ നമ്പർ 42774/എം. 3/05/ആരോഗ്യ കുടുംബക്ഷേമവകുപ്പ് കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന്റെ കാരണം അറിയിക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/23.07.2025) വരവ് ചെലവ് കണക്കുകൾ ഉടനെ തന്നെ ലഭ്യമാക്കുന്നതാണെന്ന് (ആയുർവേദം, ഹോമിയോ) മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ നാളിതുവരെയുള്ള വാർഷിക കണക്കുകൾ നിശ്ചിതമാതൃകയിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

## 1-17 അതുല്യം പദ്ധതി-പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷക്ക് ഹാജരായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. 37,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് നമ്പർ, പേര് | 26/25, അതുല്യം പദ്ധതി |
| അടങ്കൽ | ₹50,000 തനത് ഫണ്ട് |
| ചെലവ് | ₹37,500 ബിൽ നമ്പർ 252/22.11.2024 |

10 പഠിതാക്കളുടെ പ്ലസ് വൺ തുല്യതാ പരീക്ഷയുടെയും (₹2600 വീതം ആകെ ₹26000) 5 പഠിതാക്കളുടെ പ്ലസ് ടു തുല്യതാ പരീക്ഷയുടെയും (₹2300 വീതം ആകെ ₹11500) ഫീസിനത്തിൽ മേൽ ബിൽ പ്രകാരമുള്ള തുക കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷക്ക് ഹാജരായതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/29.07.25) മറുപടിയായി പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷക്ക് ഹാജരാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കാത്തതിനാൽ 37,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 പത്താമുദയം സമ്പൂർണ ഹയർസെക്കൻഡറി വിദ്യാഭ്യാസ പദ്ധതി-പഠിതാക്കൾ

## കോഴ്സ് പൂർത്തിയാക്കി പരീക്ഷക്ക് ഹാജരായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല - 11,700 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് നമ്പർ, പേര് | 34/25, പത്താമുദയം സമ്പൂർണ ഹയർസെക്കൻഡറി വിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ | ₹2,00,000 തനത് ഫണ്ട് |
| ചെലവ് | ₹11,700 ബിൽ നമ്പർ 251/22.011.2024 |

6 പഠിതാക്കളുടെ പത്താം തരം തുല്യതാ പരീക്ഷയുടെ ഫീസിനത്തിൽ (₹1950 വീതം ആകെ ₹11700) മേൽ ബിൽ പ്രകാരമുള്ള തുക കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷക്ക് ഹാജരായതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/29.07.25) മറുപടിയായി പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷക്ക് ഹാജരാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 11,700രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - രേഖകൾ ലഭ്യമാക്കിയിട്ടില്ല - 19570 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് നമ്പർ, പേര് | 196/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - സ്പിൽ ഓവർ |
| അടങ്കൽ | ₹3,60,088 വികസന ഫണ്ട് (എസ് സി പി) |
| ചെലവ് | ₹3,60,088 ബിൽ നമ്പർ 275/11.12.2024 |

പദ്ധതിയുടെ ഭാഗമായി FIDCO, കോഴിക്കോട് നിന്ന് 92 സ്റ്റീൽ ടേബിൾ, 92 എണ്ണം സ്റ്റീൽ ചെയർ (Armed) എന്നിവ ഓപ്പൺ ടെണ്ടർ മുഖേന പർച്ചേസ് ചെയ്തിട്ടുണ്ട്. എന്നാൽ ഫർണിച്ചറുകൾ കൈപ്പറ്റിയ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻ കാർഡ് മറ്റ് ഗ്രാമപഞ്ചായത്ത്/നഗരസഭാ പരിധികളിൽ ഉൾപ്പെട്ടതാണ്.

| ക്രമ നം | അപേക്ഷകന്റെ പേര് | വിദ്യാർത്ഥിയുടെ പേര് | റേഷൻ കാർഡ് പ്രകാരം ഗുണഭോക്താവിന്റെ ഗ്രാമപഞ്ചായത്ത്/കോർപ്പറേഷൻ |
|---|---|---|---|
| 1 | ബീന പി | ഋതുപർണ | മാടായി ഗ്രാമപഞ്ചായത്ത് |
| 2 | സജ്ന സി | ജ്വൽ സാജൻ | കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് |
| 3 | സതീഷ് ബാബു | പ്രജുൽ എൻ | കണ്ണൂർ കോർപ്പറേഷൻ |
| 4 | ഷാജി ടി | അഷിൻ എസ് | ചിറക്കൽ ഗ്രാമപഞ്ചായത്ത് |
| 5 | രാംദാസ് ടി വി | ഗോകുൽ | കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/30.07.25) മറുപടിയായി മേൽ പരാമർശിച്ച വിദ്യാർത്ഥികൾക്ക് റേഷൻ കാർഡ് പ്രകാരമുള്ള ഗ്രാമപഞ്ചായത്ത് /കോർപ്പറേഷൻ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 5 വിദ്യാർത്ഥികൾക്ക് അനുവദിച്ച ഫർണിച്ചറുകളുടെ വിലയായ 19,570 (3914x5) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അധികമായി അനുവദിച്ച തുക തിരിച്ചടച്ചത് സർക്കാരിലേക്ക് തിരികെ ഒടുക്കിയില്ല - 8492 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് നമ്പർ, പേര് | 24/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹1206813 വികസന ഫണ്ട് (എസ് സി പി) |

| | |
|---|---|
| | ₹609187 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ - ₹18,16,000 |
| ചെലവ് | ₹8,45,000 ബിൽ നമ്പർ 287/11.12.2024<br>₹90,813 ബിൽ നമ്പർ 488/11.03.2025<br>₹609187 BRN 241901520247015102 69/12.03.2025<br>₹1,25,000 ബിൽ നമ്പർ 533/18.03.2025<br>₹93,492 ബിൽ നമ്പർ 596/24.03.2025<br>ആകെ - ₹17,63,492 |

പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത ഗുണഭോക്താവിന് സ്കോളർഷിപ്പ് ഇനത്തിൽ അധിക തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കോഴ്സ് | സ്ഥാപനം | അർഹമായ തുക | അനുവദിച്ച തുക | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | നിമിഷ എ | D-El-Ed | മലനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, തളിപ്പറമ്പ | 15,000 | 75,000 | 60,000 |

അധികമായി അനുവദിച്ച തുക ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക മറ്റ് ഗുണഭോക്താക്കൾക്ക് അനുവദിക്കുകയോ സർക്കാരിലേക്ക് തിരികെ ഒടുക്കുകയോ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/31.07.25) മറുപടിയായി അധികമായി അനുവദിച്ച 60,000 രൂപ തിരിച്ചടച്ചതിൽ നിന്ന് 51,508 രൂപ മറ്റ് അഞ്ച് ഗുണഭോക്താക്കൾക്കായി നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ബാക്കി തുക (₹8492) സർക്കാരിലേക്ക് തിരികെ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 8492 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-21 പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല- 2,78,586 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| പ്രൊജക്ട് നമ്പർ, പേര് | 105/25, പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി |
| അടങ്കൽ | ₹7,73,540 വികസന ഫണ്ട് (പൊതുവിഭാഗം)<br>₹1,50,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹1,50,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ - ₹10,73,540 |
| ചെലവ് | ₹28,090 ബിൽ നം 67/19.06.24<br>₹50,720 ബിൽ നം 68/20.06.24<br>₹1,50,000 BRN. 241901520102004570 95/25.07.24<br>₹1,49,987 BRN. 241901520102010550 19/11.12.24 |

| | |
|---|---|
| | ₹1,01,440 ബിൽ നം 313/18.12.24<br>₹50,720 ബിൽ നം 315/18.12.24<br>₹50,720 ബിൽ നം 316/18.12.24<br>₹1,53,360 ബിൽ നം 344/31.12.24<br>₹50,720 ബിൽ നം 454/07.03.25<br>₹1,01,440 ബിൽ നം 457/07.03.25<br>₹59,124 ബിൽ നം 458/07.03.25<br>ആകെ - ₹9,46,321 |

ഹോം കെയർ സംവിധാനത്തിന്റെ ഭാഗമായി വാഹന വാടക, ഭക്ഷണ ചെലവ്, പാലിയേറ്റീവ് നഴ്സിന്റെ ഹോണറേറിയം, മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ എന്നീ ഇനങ്ങൾക്കാണ് മേൽ ബില്ലുകൾ പ്രകാരം തുക ചെവലഴിച്ചിട്ടുള്ളത്. പ്രൊജക്ടിന്റെ പരിശോധനയിൽ ചുവടെ ചേർത്ത അപാകങ്ങൾ കാണുകയുണ്ടായി.

1) പാലിയേറ്റീവ് പരിചരണത്തിൽ ഉൾപ്പെടുന്ന രോഗികളുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

2) മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത തുകകൾ കേരള മെഡിക്കൽ സർവ്വീസ് കോ ഓപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽ നം | ഇനം | പ്രൊഫോമ ഇൻവോയിസ് നം | തുക |
|---|---|---|---|---|
| 1 | BRN.24190152010200457095/25.07.24 | മരുന്ന് | PRF662/20.07.2024 | 1,50,000 |
| 2 | BRN. 24190152010201055019/11.12.24 | മരുന്നുകളും ഉപകരണങ്ങളും | PRF1433/05.10.2024 | 1,49,987 |
| 3 | 458/07.03.25 | മരുന്നുകളും ഉപകരണങ്ങളും | PRF4051/05.03.2025 | 59,124 |
| ആകെ | | | | 3,59,111 |

ഇവയിൽ ക്രമ നം. 1 പ്രകാരം അനുവദിച്ച തുകയുമായി ബന്ധപ്പെട്ട് 80,825 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. ബാക്കി 69,475 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. കൂടാതെ ക്രമ നം. 2,3 പ്രകാരം അനുവദിച്ച തുകയുമായി ബന്ധപ്പെട്ട് 2,09,111 മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം 57/02-08-2025). മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകാത്തതിനാൽ 2,78,586 (69,475+2,09,111) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. -അധികമായി അനുവദിച്ച തുക തിരിച്ചടച്ചത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല - 34,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ, പേര് | 53/25, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹13,42,600 വികസന ഫണ്ട് (പൊതു വിഭാഗം)<br>₹3,15,000 തനത് ഫണ്ട്<br>₹7,00,000 ബ്ലോക്ക് പഞ്ചായത്ത് |

| | |
|---|---|
| | വിഹിതം<br>₹2,35,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ - ₹25,92,600 |
| ചെലവ് | ₹4,76,000 ബിൽ നമ്പർ 328/20.12.2024<br>₹3,37,000 ബിൽ നമ്പർ 329/20.12.2024<br>₹1,03,000 ബിൽ നമ്പർ 364/20.01.2025<br>₹4,16,600 ബിൽ നമ്പർ 484/11.03.2025<br>₹10,000 ബിൽ നമ്പർ 524/14.03.2025<br>₹5,600 ബിൽ നമ്പർ 530/18.03.2025<br>₹2,89,500 BRN 241901520127010336 79/13.12.2024<br>₹4,05,000 BRN 24190152012701033688/13.12.2024<br>₹2,35,000 BRN 24190152012701070226/20.12.2024<br>ആകെ - ₹22,77,700 |

പദ്ധതിയുടെ നിർവ്വഹണത്തിൽ സംഭവിച്ച അപാകങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.
ചുവടെ ചേർത്ത ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ അധിക തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ക്ലാസ് | സ്കൂൾ | അർഹമായ തുക | അനുവദിച്ച തുക | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | മുഹമ്മദ് അഹമ്മദ് കബിർ | പ്ലസ് വൺ | ജി എച്ച് എസ് എസ് അരോളി | 28,500 (മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി) | 42,000 | 13,500 |
| 2 | ഫിദ കബീർ | 10 | കാരുണ്യ നികേതൻ സ്കൂൾ ഫോർ ദ ഡെഫ്, വിളയാങ്കോട് | 8000 (ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥി) | 15000 | 7000 |
| 3 | ചൈതന്യ എ | പ്രീ വൊക്കേഷണൽ | ബഡ്സ് സ്കൂൾ, നരയൻകുളം | 16,500 (മാനസിക വെല്ലുവിളി നേരിടുന്ന ബഡ്സ് സ്കൂൾ വിദ്യാർത്ഥി, ബഡ്സ് സ്കൂളിന്റെ വാഹനസൗകര്യം പ്രയോജനപ്പെടുത്തുന്നതിനാൽ ഡേ സ്കോളർഷിപ്പ് യാത്രാ ബത്തക്ക് അർഹതയില്ല.) | 30,000 | 13,500 |
| ആകെ | | | | | | 34,000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (47/01.08.25) മറുപടിയായി ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ അടവാക്കി തനത് ഫണ്ടിൽ ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. 34,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ - നിർമ്മാണം പൂർത്തിയായിട്ടില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്ട് നമ്പർ, പേര് | 43/25, വീട് വാസയോഗ്യമാക്കൽ - എസ് സി |

| | |
|---|---|
| അടങ്കൽ | ₹2,75,000 – വികസന ഫണ്ട് (എസ് സി പി)<br>₹3,25,000 - വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹6,00,000 – ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ - ₹12,00,000 |
| ചെലവ് | ₹2.75,000 ബിൽ നം 282/11.12.2024<br>₹2,80,000 ബിൽ നം 229/08.11.2024<br>₹45,000 ബിൽ നം 242/19.11.2024<br>₹3,00,000 BRN 24190152010901492622/11.03.2025<br>₹2,25,000 BRN 24190152010901536314/14.03.2025<br>ആകെ - ₹11,25,000 |

8 ഗുണഭോക്താക്കളുടെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനായി മേൽ ബില്ലുകൾ പ്രകാരം തുക അനുവദിച്ചിട്ടുണ്ട് - കാർത്ത്യായനി എൻ, നാണി പി, സാവിത്രി എം, അശോകൻ ടി, പ്രകാശൻ സി, പ്രഭാനു സി, നാരായണി എ, സുരേഷ് കെ എന്നിവർക്കാണ് തുക അനുവദിച്ചിട്ടുള്ളത്. ഇതിൽ പ്രഭാനു സി എന്ന ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (52/02.08.25) മറുപടിയായി മേൽ ഗുണഭോക്താവിന്റെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പുരോഗമിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായ വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല

2024-25 വർഷത്തിൽ ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 3 പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇവയിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ആദ്യ ഗഡു തുക കൈപ്പറ്റിയ വിവിധ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈഫ് ഭവന പദ്ധതി - പട്ടികജാതി - സ്പിൽ ഓവർ (138/25)

| ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡുവായി നൽകിയ തുക, തീയതി | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|
| വിപിന പി | 40,000 , ആദ്യ ഗഡു തുക നൽകിയ തീയതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രണ്ടാം ഗഡു തുകയായ ₹27,400 നൽകിയത് 10.06.2022 നാണ്. | 3,80,000 |

ലൈഫ് ഭവന പദ്ധതി - പട്ടികജാതി - (45/25)

| ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡുവായി നൽകിയ തുക, തീയതി | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|
| കൊയിലേര്യൻ പ്രദീപൻ | 40,000 , 09.02.2023 | 3,60,000 |
| രജീഷ് കെ | 40,000 , 25.01.2023 | 3,60,000 |
| സിന്ധു കെ | 40,000 , 30.01.2023 | 3,79,246 |
| വിനോദ് എം | 13,545, 28.03.2023 | 3,75,692 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (53/02.08.25) മറുപടിയായി മേൽ ഗുണഭോക്താക്കളുടെ ഭവന നിർമാണ പ്രവൃത്തി പുരോഗമിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയായാൽ പ്രസ്തുത വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-25 ബഡ്സ് സ്കൂളിന്റെ വാഹനസൗകര്യം പ്രയോജനപ്പെടുത്തുന്ന വിദ്യാർത്ഥികൾക്ക് ഡേ സ്കോളർഷിപ്പ് യാത്രാ ബത്ത അനുവദിച്ചു - 1,20,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ, പേര് | 53/25, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹13,42,600 വികസന ഫണ്ട് (പൊതു വിഭാഗം)<br>₹3,15,000 തനത് ഫണ്ട്<br>₹7,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹2,35,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ - ₹25,92,600 |
| ചെലവ് | ₹4,76,000 ബിൽ നമ്പർ 328/20.12.2024<br>₹3,37,000 ബിൽ നമ്പർ 329/20.12.2024<br>₹1,03,000 ബിൽ നമ്പർ 364/20.01.2025<br>₹4,16,600 ബിൽ നമ്പർ 484/11.03.2025<br>₹10,000 ബിൽ നമ്പർ 524/14.03.2025<br>₹5,600 ബിൽ നമ്പർ 530/18.03.2025<br>₹2,89,500 BRN 241901520127010033679/13.12.2024<br>₹4,05,000 BRN 241901520127010033688/13.12.2024<br>₹2,35,000 BRN 241901520127010070226/20.12.2024<br>ആകെ - ₹22,77,700 |

ബഡ്സ് സ്കൂളിന്റെ വാഹനസൗകര്യം പ്രയോജനപ്പെടുത്തുന്ന വിദ്യാർത്ഥികൾക്ക് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പിൽ ഉൾപ്പെട്ട ഡേ സ്കോളർഷിപ്പ് യാത്രാ ബത്തക്ക് അർഹതയില്ല. എന്നാൽ ബഡ്സ് സ്കൂളിന്റെ വാഹനസൗകര്യം പ്രയോജനപ്പെടുത്തുന്നതായി ബഡ്സ് സ്കൂൾ ടീച്ചർ സാക്ഷ്യപ്പെടുത്തിയ, ചുവടെ ചേർത്ത വിദ്യാർത്ഥികൾക്ക് ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പ്രൊജക്ടിന്റെ (നമ്പർ 53/25) ഭാഗമായി ഡേ സ്കോളർഷിപ്പ് യാത്രാ ബത്ത ഉൾപ്പെടെയുള്ള തുക അനുവദിച്ചിട്ടുണ്ട്.

| വിദ്യാർത്ഥിയുടെ പേര് | ഗുണഭോക്തൃ പട്ടികയിലെ ക്രമ നമ്പർ | അനുവദിച്ച തുക | അർഹമായ തുക | അധികമായി അനുവദിച്ച തുക |
|---|---|---|---|---|
| ദക്ഷിൺ രാഘവ് എ കെ | 16 | 28,500 | 16,500 | 12,000 |
| ഹരിനന്ദൻ കെ | 15 | 28,500 | 16,500 | 12,000 |
| മിൻഹ ഫാത്തിമ കെ പി | 49 | 28,500 | 16,500 | 12,000 |
| മുഹമ്മദ് മുഹാസ് പി | 34 | 28,500 | 16,500 | 12,000 |
| മുഹമ്മദ് സയാൻ | 32 | 28,500 | 16,500 | 12,000 |
| മുഹമ്മദ് | 25 | 28,500 | 16,500 | 12,000 |

| | | | | |
|---|---|---|---|---|
| ഷാമിൽ കെ | | | | |
| അഫ്താബ് കെ പി | 38 | 28,500 | 16,500 | 12,000 |
| അഞ്ജന രാജേഷ് | 18 | 28,500 | 16,500 | 12,000 |
| സിയ ഫർഹ കെ വി | 56 | 28,500 | 16,500 | 12,000 |
| മുഹമ്മദ് സാബിത്ത് വി | 17 | 28,500 | 16,500 | 12,000 |
| ആകെ | | | | 1,20,000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (63/02.08.25) മറുപടിയായി മേൽ വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകളിൽ അവർ ചുവടെ ചേർത്ത സ്കൂളുകളിൽ രജിസ്റ്റർ ചെയ്തതായി പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. അപേക്ഷകളുടെ പകർപ്പ് മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | സ്കൂൾ |
|---|---|---|
| 1 | ദക്ഷിൺ രാഘവ് എ കെ | പാപ്പിനിശ്ശേരി എൽ പി സ്കൂൾ |
| 2 | ഹരിനന്ദൻ കെ | ജി എച്ച് എസ് എസ് അരോളി |
| 3 | മിൻഹ ഫാത്തിമ കെ പി | ജി എച്ച് എസ് എസ് അരോളി |
| 4 | മുഹമ്മദ് മുഹാസ് പി | പറശ്ശിനിക്കടവ് എച്ച് എസ് എസ് |
| 5 | മുഹമ്മദ് സയാൻ | അരോളി സെൻട്രൽ എൽ പി സ്കൂൾ |
| 6 | മുഹമ്മദ് ഷാമിൽ കെ | കെ പി ആർ ജി എസ് ജി എച്ച് എസ് എസ് കല്ല്യാശ്ശേരി |
| 7 | അഫ്താബ് കെ പി | ജി എച്ച് എസ് എസ് അരോളി |
| 8 | അഞ്ജന രാജേഷ് | ജി എച്ച് എസ് എസ് അരോളി |
| 9 | സിയ ഫർഹ കെ വി | ജി എച്ച് എസ് എസ് അരോളി |
| 10 | മുഹമ്മദ് സാബിത്ത് വി | ജി എച്ച് എസ് എസ് അരോളി |

എന്നാൽ പ്രസ്തുത വിദ്യാർത്ഥികളുടെ ബഡ്സ് സ്കൂൾ അറ്റൻഡൻസ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾ മറ്റ് സ്കൂളുകളിൽ രജിസ്റ്റർ ചെയ്തത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. അപാകതയുടെ അടിസ്ഥാനത്തിൽ 1,20,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 വനിതകൾക്ക് ഫിറ്റ്നസ് സെന്റർ - വരവ് ചെലവ് സംബന്ധിച്ച് കൃത്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല - ₹4,90,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ, പേര് | 151/25, വനിതകൾക്ക് ഫിറ്റ്നസ് സെന്റർ - സ്പിൽ ഓവർ |
| അടങ്കൽ | ₹4,90,000 വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ₹4,89,118 ബിൽ നമ്പർ 16/09.05.2024<br>₹882 ബിൽ നമ്പർ 17/09.05.2024<br>ആകെ - ₹4,90,000 |

പദ്ധതിയുടെ ഭാഗമായി Hero Fitness Centre, തൃശൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഓപ്പൺ ടെണ്ടർ

നടപടികളിലൂടെ ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ടെറസ്സ് നിലയിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് വനിതാ ഫിറ്റ്നസ്സ് കേന്ദ്രം നടത്തിപ്പ് സംബന്ധിച്ചും യൂസർഫീ നിശ്ചയിക്കുന്നത് സംബന്ധിച്ചും നടത്തിപ്പിനായി കെയർടേക്കർമാരെ ചുമതലപ്പെടുത്തുന്നതിനും ട്രെയിനറെ നിയമിക്കുന്നതിനും മോണറ്ററിംഗിനായി കമ്മിറ്റിയെ നിശ്ചയിച്ചും 31.03.2024 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്.
യോഗത്തിലെ മറ്റ് തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.
1. പരിശീലനാർത്ഥികളിൽ നിന്നും 500 രൂപ രജിസ്ട്രേഷൻ ഫീ ഇനത്തിലും 350 രൂപ വീതം പ്രതിമാസ പരിശീലന ഫീ ഇനത്തിലും വാങ്ങുക.
2. ഇതിനായി കെയർ ടേക്കർമാരുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുക.
3. പരിശീലന ഫീസ് ഇനത്തിൽ പരശീലനാർത്ഥികളിൽ നിന്നും വാങ്ങുന്ന 350 രൂപയിൽ നിന്നും 300 രൂപ വീതം ട്രെയിനർക്ക് നൽകുക, 50 രൂപ വീതം കെയർടേക്കർമാർക്ക് നൽകുക.
4. രജിസ്ട്രേഷൻ ഫീസ് ഇനത്തിലുള്ള 500 രൂപയിൽ നിന്നും ജിംനേഷ്യത്തിനാവശ്യമായ മറ്റ് പരിപാലന ചെലവുകൾ വഹിക്കുക.
5. രശീതി ബുക്ക് പ്രിന്റ് ചെയ്യുന്നതിനും കണക്ക് സൂക്ഷിക്കുന്നതിനും കെയർടേക്കർമാരെ ചുമതലപ്പെടുത്തി.
എന്നാൽ ഫിറ്റ്നസ് സെന്ററിന്റെ നിലവിലെ പ്രവർത്തന സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 40/31.07.2025) മറുപടിയായി ഫിറ്റ്നസ് സെന്ററിന്റെ പ്രവർത്തന രീതി സംബന്ധിച്ച നിയമാവലി മാത്രമാണ് ലഭ്യമാക്കിയത്. പരിശീലനാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കാൻ പ്രിന്റ് ചെയ്ത രശീതി ബുക്കുകളുടെ എണ്ണവും സ്റ്റോക്ക് വിശദാംശങ്ങളും, പരിശീലനാർത്ഥികളിൽ നിന്നും ഈടാക്കിയ ആകെ ഫീസ്, ഫീസ് തുക ഒടുക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ, ട്രയിനർമാർക്കും കെയർടേക്കർമാർക്കും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ, ജിംനേഷ്യത്തിനാവശ്യമായ മറ്റ് പരിപാലന ചെലവുകളുടെ വിശദാംശങ്ങൾ എന്നിവയൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.
മേൽ വിഷയത്തിൽ കൃത്യമായ പരിശോധന നടത്തുന്നതിനായി ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ആവശ്യമായ രേഖകളുടെയും വിശദാംശങ്ങളുടെയും അഭാവത്തിൽ ചെലവഴിച്ച ₹4,90,000 തടസ്സപ്പെടുത്തുന്നു.

## 1-27 മഴക്കാലപൂർവ്വ ശുചീകരണം വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. 4,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾനടത്തുന്നതിനായി ഒരു വാർഡിന് 20,000 രൂപ പ്രകാരം 4,00,000 രൂപ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | വൗച്ചർ നമ്പർ തീയതി | തുക | അനുവദിച്ചതിന്റെ വിവരം |
|---|---|---|---|---|
| 1 | 4972/2024 | 22400427/31-07-2024 | 2,00,000 | മെഡിക്കൽ ഓഫീസർ, സി എച്ച് സി പാപ്പിനിശ്ശേരി, (തനത് ഫണ്ട് ) |
| 2 | 4971/2024 | 22400428/31-07-2024 | 2,00,000 | മെഡിക്കൽ ഓഫീസർ, സി എച്ച് സി പാപ്പിനിശ്ശേരി, ശുചിത്വ മിഷൻ ഫണ്ട് തനത് ഫണ്ടിൽ നിന്ന് മുൻകൂർ നൽകിയത് |

ചെലവ് രേഖകൾ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/25-07-2025) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 4,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല. 15,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ 22400464/06-08-2024 ₹15,00,000

ഫയൽ നമ്പർ 5129/2024

വയനാട് ജില്ലയിൽ മേപ്പാടി പഞ്ചായത്തിൽ ചൂരൽ മല പ്രദേശങ്ങളിൽ ഉരുൾപൊട്ടൽ മൂലമുണ്ടായ നാശനഷ്ടങ്ങൾ നികത്തുന്നതിനും പുനരധിവാസം ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 15,00,000 രൂപ ഒടുക്കിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രശീത് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/25-07-2025) രശീത് ലഭിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്നമുറക്ക് അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കൈപ്പറ്റ് രശീതിന്റെ അഭാവത്തിൽ 15,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 തെരുവ് വിളക്കുകൾക്ക് ലൈൻ വലിക്കൽ - പൂർത്തീകരണം, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 13,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തെരുവ് വിളക്കുകൾക്ക് ലൈൻവലിക്കുന്നതിന് വേണ്ടി തൻവർഷം 2 പ്രോജക്ടുകളാണ് നടപ്പാക്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ പേര് | 29/2025, 167/2025 തെരുവ് വിളക്കുകൾക്ക് ആവശ്യമായ ലൈൻവലിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ /ഫണ്ടിനം<br>ആകെ | 5,50,000 ധനകാര്യകമ്മീഷൻ ഗ്രാന്റ് (29/2025)<br>8,00,000 ധനകാര്യകമ്മീഷൻ ഗ്രാന്റ് ( 167/2025)<br>13,50,000 |
| ചെലവ് ബിൽ നമ്പർ തീയതി തുക<br>(എ സി ആർ പ്രകാരം ) | 338/27-12-2024 ₹5,00,000 (29/2025)<br>337/27-12-2024 ₹8,00,000 ( 167/2025)<br>13,00,000 |

മേൽ പ്രോജക്ടുകൾ പ്രകാരം 13,00,000 രൂപ അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പാപ്പിനിശ്ശേരിക്ക് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/28-07-2025) പ്രവൃത്തിയുടെ പൂർത്തീകരണ വിവരം വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 13,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 ഐ കെ എം വിഹിതം നൽകൽ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. 1,00,153 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഇൻഫർമേഷൻ കേരള മിഷന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത് പ്രോജക്ടിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ പേര് | 2/2025 ഐ കെ എം വിഹിതം അടവാക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ /ഫണ്ടിനം | 1,00,153 വികസന ഫണ്ട് |
| ബിൽ നമ്പർ തീയതി തുക<br>(എ സി ആർ പ്രകാരം) | 286/11-12-2024 ₹1,00,153 |

പ്രോജക്ട് പ്രകാരം 1,00,153 രൂപ പ്രോജക്ട് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരത്തിന് അനുവദിച്ചിട്ടുണ്ട്. 1,00,153 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം കൈപ്പറ്റ് രശീത്

എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/28-07-2025)രേഖകൾ നൽകുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 1,00,153 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും - ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. 589808 രൂപയുടെ ചെലവ് തടസ്സപ്പടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. തൻവർഷം 2 പ്രോജക്ടുകളിലായി 400 തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

| പ്രൊജക്ടിന്റെ നമ്പർ പേര് | 170/2025 തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും | 109/2025 തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ/ഫണ്ടിനം | 5,30,000 ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 5,56,000 ധനകാര്യ കമ്മിഷൻ ഗ്രാന്റ് |
| ചെലവ് ബിൽ നമ്പർ തീയതി തുക<br>(എ സി ആർ പ്രകാരം )<br>ആകെ | ₹ 3,293 (608/26-03-2025 )<br>₹ 4,04,280 (609/26-03-2025)<br>₹ 1,22,427 (610/26-03-2025 )<br>5,30,000 | ₹ 59,808 (611/26-03-2025 )<br>₹59,808 |

മേൽ രണ്ട് പ്രോജക്ടുകളിലായി 400 (24 W) എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റ് വിതരണം ചെയ്ത് സ്ഥാപിച്ചതിന് നിധീഷ് പി സൺപവർ ഇലക്ട്രിക്കൽസ് പാപ്പിനിശ്ശേരിക്ക് 5,86,515 രൂപയും, കെ എസ് ഇ ബിയിൽ സൂപ്പർവിഷൻ ചാർജായി 3,293 രൂപയും ഉൾപ്പടെ ആകെ 589808 രൂപ അനുവദിച്ചിട്ടുണ്ട്. 400 എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതായി വാർഡ് മെമ്പർ മാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. കെ എസ് ഇ ബിയിൽ നിന്നുള്ള ഇൻസ്റ്റലേഷൻ റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇൻസ്റ്റലേഷൻ റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (59/02-08-2025) കെ എസ് ഇ ബിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്നമുറക്ക് ഹാജരാക്കുന്നതുമാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ കാരണം 589808 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 വൈദ്യുതി തൂണുകൾ മാറ്റി സ്ഥാപിക്കൽ - പൂർത്തീകരണം, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.94,879 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ വൈദ്യുതി തൂണുകൾ മാറ്റുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ നമ്പർ പേര് | 201/2025 വൈദ്യുതി തൂണുകൾ മാറ്റി സ്ഥാപിക്കൽ |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ /ഫണ്ടിനം | 92910 ധനകാര്യകമ്മിഷൻ ഗ്രാന്റ് ബേസിക്ക്<br>75,000 തനത് ഫണ്ട് |
| ചെലവ് ബിൽ നമ്പർ തീയതി തുക<br>(എ സി ആർ പ്രകാരം ) | 416/18-02-2025 ₹85,497<br>559/29-03-2025 ₹1,969<br>വൗച്ചർ നമ്പർ 22401679/22-03-2025 ₹7,413<br>ആകെ – ₹94,879 |

കെ എസ് ഇ ബി പാപ്പിനിശ്ശേരി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിമാന്റ് നോട്ടീസ് നമ്പർ | തുക |
|---|---|---|
| 1 | DB/PPY/2024-25 Demand Letter 20917-02-2025 പുലക്കരവയൽ | 56,999 |
| 2 | DB/PPY/2024-25 Demand Letter 209/17-02-2025 പോസ്റ്റാഫീസ് മാർക്കറ്റ് റോഡ് | 28,498 |
| 3 | DB/PPY/2024-25 Demand Letter 222/20-03-2025 വേളാപുരം കോളനി | 9,382 |
| | ആകെ | 94,879 |

പ്രോജക്ട് പ്രകാരം 94,879 രൂപ അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പാപ്പിനിശ്ശേരിക്ക് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (61/02-08-2025) പൂർത്തീകരണ വിവരം, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് കെ എസ് ഇ ബി ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യാഗസ്ഥൻ അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 94,879 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 വസ്തുനികുതി 100% പിരിവ് കൈവരിച്ചതിന് വ്യത്യസ്ത മാനദണ്ഡം സ്വീകരിച്ച് തുക അനുവദിച്ചു- 1,95,371 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിൽ 2020-21, 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ 100% പിരിവ് കൈവരിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് പാരിതോഷികം അനുവദിക്കുന്നതിന് തൻവർഷം 8,24,778 രൂപ ചെലവഴിച്ചിട്ടുണ്ട്.

ജീവനക്കാർ സാമ്പത്തികവർഷം ഭാഗികമായി ജോലി ചെയ്തിരുന്ന കാലയളവിൽ പാരിതോഷികം കണക്കാക്കിയത് വ്യത്യസ്ത മാനദണ്ഡം സ്വീകരിച്ചാണ്. വിശദവിവരം താഴെ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ഫയൽ നമ്പർ | വൗച്ചർ നമ്പർ തീയതി | അനുവദിച്ച തുക | അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം |
|---|---|---|---|---|---|
| 1 | 2020-21 | 2435/2024 | 22400137/15-05-2024 | 1,71,097 | നികുതി പിരവ് % അടിസ്ഥാനമാക്കി |
| 2 | 2021-22 | 5887/2024 | 22400688/13-09-2024 | 2,11,127 | ജോലി ചെയ്ത കാലയളവിന്റെ അടിസ്ഥാനമാക്കി |
| 3 | 2022-23 | 5888/2024 | 22400689/13-09-2024 | 2,21,006 | ജോലി ചെയ്ത കാലയളവിന്റെ അടിസ്ഥാനമാക്കി |
| 4 | 2023-24 | 984/2025 | 224001815/14-02-2025 | 2,14,565 | ജോലി ചെയ്ത കാലയളവിന്റെ അടിസ്ഥാനമാക്കി |
| 5 | 2021-22 | 1123/2025 | 22401489/ 19-02-2025 | 6,983 | നികുതി പിരവ് % അടിസ്ഥാനമാക്കി (കുടിശ്ശിക ശ്രീ പ്രീജിത്ത് ഇ സെക്രട്ടറിക്ക് അനുവദിച്ചത്) |

വ്യത്യസ്ത മാനദണ്ഡം സ്വീകരിച്ച് പാരിതോഷികം അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല. ഒന്നിൽ

കൂടുതൽ ഗ്രാമപഞ്ചായത്തിൽ നിന്ന് പാരിതോഷികം കൈപ്പറ്റുന്ന ജീവനക്കാർക്ക് അർഹതയുള്ള ആകെ തുക അതത് സാമ്പത്തികവർഷം മാർച്ച് മാസത്തെ അടിസ്ഥാന ശമ്പളമായും, സെക്രട്ടറിക്ക് അടിസ്ഥാന ശമ്പളത്തിന്റെ പകുതിയായും നിജപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ ഭാഗികമായി ജോലിചെയ്ത ജീവനക്കാർ പ്രസ്തുത സാമ്പത്തിക വർഷം ജോലി ചെയ്തിരുന്ന മറ്റ് പഞ്ചായത്തുകളിൽ പാരിതോഷികം കൈപ്പറ്റ് സംബന്ധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ അർഹതയുള്ള തുകയിൽ പരിമിതപ്പെടുത്തിയാണോ നൽകിയതെന്ന് വ്യക്തമല്ല. സെക്രട്ടറി ഒഴികെ താഴെ പറയുന്ന ജീവനക്കാർക്ക് ജോലിചെയ്ത കാലയളവ് അടിസ്ഥാനമാക്കിയാണ് പാരിതോഷികം അനുവദിച്ചത്.

| ക്രമ നമ്പർ | പേര് തസ്തിക | ജോലി ചെയ്ത കാലയളവ് | സാക്ഷ്യപത്രം ലഭ്യമാക്കേണ്ട കാലയളവ് | അനുവദിച്ച തുക | അതത് സാമ്പത്തിക വർഷം മാർച്ച് മാസത്തെ അടിസ്ഥാന ശമ്പളം | സാക്ഷ്യപത്രം ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി |
|---|---|---|---|---|---|---|
| 1 | പ്രജിത്ത് എൻ സെക്രട്ടറി | 09-07-2021-31-03-2022 | 01-04-2021 - 08-07-2021 | 25507 | 70000 (സാമ്പത്തിക വർഷം പരമാവധി അനുവദിക്കാവുന്ന തുക 35,000 അടിസ്ഥാ ശമ്പളത്തിന്റെ പകുതി) | സാക്ഷ്യപത്രം അനുവദിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 2 | നിസാർ എ ക്ലർക്ക് | 01-04-2021 - 14-05-2021 | 15-05-2021 - 31-03-2022 | 3749 | 31,100 അടിസ്ഥാന ശമ്പളം | നിസ്സാർ എ സീനിയർ ക്ലർക്കായി പ്രോമോഷൻ ലഭിച്ചതിനാൽ 14-05-2021 ഗ്രാമപഞ്ചായത്തിൽ നിന്ന് വിടുതൽ ചെയ്തു. |
| 3 | അനുഷ വി ക്ലർക്ക് | 01-06-2021 - 31-03-2022 | 01-04-2021 - 31-05-2021 | 2207 | 26500അടിസ്ഥാന ശമ്പളം | 01-06-2021 നാണ് ഗ്രാമപഞ്ചായത്തിൽ പുതുതായി ജോലിയിൽ പ്രവേശിച്ചത് |
| 4 | ദീപ ടി ക്ലർക്ക് | 01-04-2022 - 31-01-2023 | 01-02-2023-31-03-2023 | 25402 | 30,300 അടിസ്ഥാന ശമ്പളം | സാക്ഷ്യപത്രം അനുവദിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 5 | സജീവൻ ഇ ക്ലർക്ക് | 01-04-2022 - 27-01-2023 | 28-01-2023-31-03-2023 | 38639 | 46,700 അടിസ്ഥാന ശമ്പളം | സാക്ഷ്യപത്രം അനുവദിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 6 | രുഗ്മിണി കുട്ടി പി ക്ലർക്ക് | 25-01-2023-31-03-2023 | 01-04-2022 – 24-01-2023 | 7468 | 41300 അടിസ്ഥാന ശമ്പളം | സാക്ഷ്യപത്രം അനുവദിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 7 | സമീർ പി എം ക്ലർക്ക് | 28-01-2023 - 09-02-2023 | 01-04-2022 -27-01-2023 & 10-02-2023-31-03-2023 | 944 | 26,500 അടിസ്ഥാന ശമ്പളം | 01-04-2022 മുതൽ 27-01-2023 വരെ കടന്നപ്പള്ളി ഗ്രാമപഞ്ചായത്തിൽ ശൂന്യവേതനാ വധിയിലായിരുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിന് വേണ്ടി 09-02-2023 ൽ വിടുതൽ ചെയ്തു |
| 8 | അമ്പിളി എ ആർ ക്ലർക്ക് | 10-02-2023-31-03-2023 | 01-04-2022 -09-02-2023 | 404 | 29,500 അടിസ്ഥാന ശമ്പളം | സാക്ഷ്യപത്രം അനുവദിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 9 | ശരത്ത് കൃഷ്ണൻ പി പി ക്ലർക്ക് | 13-03-2023-31-03-2023 | 01-04-2022 -12-03-2023 | 137 | 26,500 അടിസ്ഥാന ശമ്പളം | 13-03-2023 പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ പുതുതായി ജോലിയിൽ പ്രവേശിച്ചു. |
| 10 | ഷീജ സി എൻ ഓഫീസ് അറ്റന്റന്റ് | 06-02-2023-31-03-2023 | 01-04-2022 -05-02-2023 | 4400 | 30,300 അടിസ്ഥാന ശമ്പളം | സാക്ഷ്യപത്രം അനുവദിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 11 | അനുഷ എം ക്ലർക്ക് | 01-04-2022 - 21-01-2023 | 22-01-2023-31-03-2023 | 22058 | 27,200 അടിസ്ഥാന ശമ്പളം | സാക്ഷ്യപത്രം അനുവദിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 12 | പ്രമോദ് എം ഓഫീസ് അറ്റന്റന്റ് | 01-04-2022 - 31-01-2023 | 01-02-2023-31-03-2023 | 29091 | 34,700 അടിസ്ഥാന ശമ്പളം | സാക്ഷ്യപത്രം അനുവദിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |
| 13 | രുഗ്മിണികുട്ടി പി ക്ലർക്ക് | 01-04-2023 - 31-01-2024 | 01-02-2024-31-03-2024 | 35,365 | 42300 അടിസ്ഥാന ശമ്പളം | - |
| | ആകെ | | | 1,95,371 | | |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/26-07-2025) ജോലി ചെയ്തകാലയളവിന്റെ അടിസ്ഥാനത്തിലും നികുതി പിരിവിന്റെ അടിസ്ഥാനത്തിലും പാരിതോഷികം അനുവദിച്ചു വരാറുണ്ടെന്ന മറുപടി തൃപ്തികരമല്ല. ജോയിന്റ് ഡയറക്ടർ കണ്ണൂരിന്റെ നടപടിക്രമങ്ങൾ പ്രകാരം പിരിവ് ചെയ്ത തുകക്ക് ആനുപാതികമായി പാരിതോഷികം അനുവദിക്കുന്നതിനാണ് നിർദ്ദേശം നൽകിയത്.

പ്രജിത്ത് എൻ സെക്രട്ടറി, ദീപ പി ക്ലർക്ക്, സജീവൻ ഇ ക്ലർക്ക്, രുഗ്മിണിക്കുട്ടി പി ക്ലർക്ക്, അമ്പിളി എ ആർ ക്ലർക്ക്, ഷീജ സി എൻ ഓഫീസ് അറ്റന്റന്റ്, അനുഷ വി ക്ലർക്ക്, പ്രമോദ് എം ക്ലർക്ക് എന്നിവരുടെ പാരിതോഷികം കൈപ്പറ്റിയത് സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാലും, ജോയിന്റ് ഡയറക്ടറുടെ നിർദ്ദേശം പാലിക്കാതെ ജോലി ചെയ്ത കാലയളവ് കണക്കാക്കി തുക അനുവദിച്ചതിനാലും മേൽ ജീവനക്കാർക്ക് അനുവദിച്ച 1,95,371 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 ഗ്രാമകേന്ദ്രങ്ങളിൽ കസേര വാങ്ങൽ - കാരണം വ്യക്തമാക്കാതെ കുറഞ്ഞനിരക്കിലുള്ള ടെണ്ടർ ഒഴിവാക്കി - 2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമകേന്ദ്രങ്ങളിൽ കസേര വാങ്ങൽ പ്രോജക്ടിൽ ഉൾപ്പെടുത്തി 381 കസേരകൾ അനു ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ പേര് | 11/2025ഗ്രാമകേന്ദ്രങ്ങളിൽ കസേര വാങ്ങൽ |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ /ഫണ്ടിനം | 2,00,000 മെയിന്റനൻസ് (റോഡിതരം) |
| ചെലവ് | 2,00,000 |
| ബിൽ നമ്പർ തീയതി (എ സി ആർ പ്രകാരം) | 304/16-12-2024 |

പ്രൊജക്ട്നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- സർക്കാർ ഉത്തരവ് (കൈ)90/2023/ത സ്വ ഭ വ തീയതി 09-04-2023 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗ രേഖയിൽ ചെലവഴിക്കുന്നതിന് അനുമതി നൽകാത്ത ഇനത്തിനാണ് മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ചെലവഴിച്ചത്.

2- കുറഞ്ഞ തുക രേഖപ്പെടുത്തിയ താഴെ പറയുന്ന ടെണ്ടറുകൾ സ്വീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | | ക്വാട്ട് ചെയ്ത തുക |
|---|---|---|---|
| 1 | റോയൽ ഏജൻസി നല്ലളം കോഴിക്കോട് | Friendly | 412 |
| 2 | സഫാരി ട്രേഡിംഗ് കമ്പനി | Chairman M N 1200 | 513 |
| | | Friendly | 343 |
| 3 | ഫിഡ്കോ അസോസിയേറ്റ്സ് ഒളവണ്ണ കോഴിക്കോട് | Friendly | 394 |
| 4 | റാണി മെറ്റൽ സ്റ്റോർസ് കോഴിക്കോട് | Neelkamal | 397(2 Year Warranty) |
| | | Neelkamal | 497(2 Year Warranty) |
| | | Chairman | 384(4 Year Warranty) |
| | | Chairman | 422(4 Year Warranty) |
| | | Chairman | 468(4 Year Warranty) |
| | | Esquier | 412(4 Year Warranty) |
| 5 | ഡ്രീം ഹോം ഫർണിച്ചർ ബാലുശ്ശേരി കോഴിക്കോട് | Friendly | 360 |
| | | Chairman 1200 | 510 |
| | | Chairman 1100 | 520 |
| | | Gilton | 410 |
| 6 | അസിം ഡിസൈനിംഗ് & ഇന്റീരിയർസ് ഒളവണ്ണ കോഴിക്കോട് | Gilton | 410 |

4- വർഷ വാറണ്ടി നൽകുന്ന കുറഞ്ഞ ടെണ്ടർ ഒഴിവാക്കി കൂടിയ നിരക്കിൽ രേഖപ്പെടുത്തിയ അനു ഏജൻസി ചെക്കിക്കുളം കണ്ണൂരിന്റെ ടെണ്ടർ സ്വീകരിക്കുന്നതിന് പ്രത്യേകമായ കാരണം പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് പ്രൊക്യുയർമെന്റ് കമ്മിറ്റിയുടെ പരിഗണനയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രത്യേകം വാറണ്ടിയൊന്നും രേഖപ്പെടുത്താത്ത കൂടിയ വില രേഖപ്പെടുത്തിയ (525രൂപയുടെ നീൽകമൽ) അനു ഏജൻസി ചെക്കിക്കുളം കണ്ണൂരിന്റെ ടെണ്ടർ സ്വീകരിക്കുന്നതിനുള്ള കാരണം വ്യക്തമല്ല.

3- സാംപിൾ പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ നിർദ്ദേശങ്ങൾ (കത്ത്) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4- 381 കസേരകൾ വിതരണം ചെയ്തതിന് അതാത് വാർഡ് മെമ്പർമാരുടെ കൈപ്പറ്റ് രശീത് മാത്രമാണ് ലഭ്യമാക്കിയത്. കസേരകൾ അതത് ഗ്രാമകേന്ദ്രങ്ങളിൽ നമ്പർ ചെയ്ത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ

ലഭ്യമാക്കിയിട്ടില്ല.

രേഖകൾ/ മറുപടി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/28-07-2025) മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച ഉത്തരവിൽ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാത്തതിനാലാണ് മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഉപയോഗിച്ചതെന്ന മറുപടി സ്വീകാര്യമല്ല. മെയിന്റൻസ് ഗ്രാന്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് തുക ചെലവഴിച്ചത്. നീൽകമൽ 4002 മോഡലാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി ഗുണ നിലവാരമുള്ളതായി തെരഞ്ഞെടുത്തതെന്നും അതിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ അനു ഏജൻസിയുടെ ടെണ്ടറാണ് സ്വീകരിച്ചത് എന്ന മറുപടിയും തൃപ്തികരമല്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി നടപടിക്രമങ്ങൾ പാലിക്കാതെയും ശരിയായ രീതിയിൽ മിനുറ്റ്സ് രേഖപ്പെടുത്താതെയും കസേര വാങ്ങിയത് ശരിയായ നടപടിയല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി ഒ (പി) 259/2010/ത സ്വ ഭ വ തീയതി 08-11-2010, മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിക്കാത്തതിനാൽ 2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് - നിർവ്വഹണത്തിലെ അപാകങ്ങൾ - 19,132 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ നടപ്പാക്കുന്നതിന് വേണ്ടിയാണ് പ്രൊജക്ട്നടപ്പാക്കിയത് വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ പേര് | 1/2025 പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ /ഫണ്ടിനം | 5,00,000 തനത് ഫണ്ട് |
| ചെലവ് | 4,91,713 |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

| ക്രമ നമ്പർ | ചെലവിനം | വൗച്ചർ നമ്പർ തീയതി | തുക | അപാകങ്ങൾ | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പ്രിന്റിംഗ് ചാർജ് മാങ്ങാട് പ്രിന്റിംഗ് പ്രസ്സിന് നൽകിയത് (ഫയൽ നമ്പർ 1969/2025) | 22401672/22-03-2025 | 50196 | സ്ഥാപനം കാട്ട് ചെയ്ത നിരക്കിനോടൊപ്പം ജി എസ് ടി തുക അധികമായി നൽകി. ജി എസ് ടി ഒഴികെയുള്ള തുകയെന്ന് ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടില്ല. 5806 രൂപ അധികം നൽകി | കാട്ട് ചെയ്ത തുകയിലും അധികം നൽകിയ 5806 രൂപ നിരാകരിക്കുന്നു. |
| 2 | പത്രപരസ്യം തുക നൽകിയത് ഫയൽ നമ്പർ (1970/2025) | 22401678/22-03-2025 | 53,696 | പത്രപരസ്യയിനത്തിൽ വൗച്ചർ നമ്പർ 22401220/24-12-2024 പ്രകാരം 13,326 രൂപ അനുവദിച്ചിട്ടുണ്ട്. (ഇൻവോയിസ് നമ്പർ കെ എൻ ആർ 24-25 – 5108 തീയതി 15-10-2024 & കെ എൻ ആർ 24-25 – 6658 തീയതി 01-12-2024) ഫയൽ നമ്പർ 8139/2024 ഇതേ തുക വീണ്ടും 22401678/22-03-2025 | അധികമായി നൽകിയ 13,326 രൂപ നിരാകരിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | വൗച്ചർ പ്രകാരം അനുവദിച്ചു | |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/28-07-2025) മറുപടി അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ കാരണം 19,132 രൂപയുടെ (5,806+13,326) ചെലവ് നിരാകരിക്കുന്നു.

## 1-36 ഹരിതകർമ്മ സേന ഡ്രൈവർക്ക് വേതനം നൽകൽ - അപാകങ്ങൾ -10,220 രൂപയുടെ ചെലവ് നിരാകരിക്കുന്നു. 2,14,620 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഹരിത കർമ്മസേന ഡ്രൈവർക്ക് വേതനം നൽകുന്നതിന് പ്രൊജക്ട് തയ്യാറാക്കി വേതനം അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ പേര് | 207/2025 ഹരിത കർമ്മസേന ഡ്രൈവർക്ക് വേതനം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ /ഫണ്ടിനം | 1,60,800 ധനകാര്യകമ്മിഷൻ ഗ്രാന്റ്<br>26,810തനത് ഫണ്ട് |
| ചെലവ് 184690 | 1,60,800 ധനകാര്യകമ്മിഷൻ ഗ്രാന്റ്<br>23,890തനത് ഫണ്ട് |

പ്രൊജക്ട് പ്രകാരം 07/2024 മുതൽ 03/2025 വരെയുള്ള വേതനമാണ് അനുവദിച്ചത്. ഇത് കൂടാതെ പ്രൊജക്ടിൽ ഉൾപ്പെടുത്താതെ തനത് ഫണ്ടിൽ നിന്ന് 40150 രൂപ വേറെയും ചെലവഴിച്ചിട്ടുണ്ട്. ഇത് ഉൾപ്പെടെ ശ്രീ പ്രമോദ് എം ഹരിതകർമ്മസേന വാഹന ഡ്രൈവർക്ക് 2,24,840 രൂപ തൻവർഷം അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | വൗച്ചർ നമ്പർ തീയതി | തുക | |
|---|---|---|---|---|
| 1 | 2761/2024 | 22400016/08-04-2024 | 10,585 | പ്രോജക്ടിൽ ഉൾപ്പെടുത്താത്ത തനത് ഫണ്ട് |
| 2 | 3228/2024 | 22400125/13-05-2024 | 9490 | |
| 3 | 3891/2024 | 22400244/12-06-2024 | 9855 | |
| 4 | 4424/2024 | 22400339/06-07-2024 | 10220 | |
| 5 | 5740/2024 | 22400595/05-09-2024 | 21900 | ധനകാര്യകമ്മിഷൻ ഗ്രാന്റ് (ടൈഡ്) |
| 6 | 5869/2024 | 22400695/18-09-2024 | 21170 | |
| 7 | 6520/2024 | 22400866/16-10-2024 | 18250 | |
| 8 | 7326/2024 | 22401080/22-11-2024 | 18250 | |
| 9 | 7824/2024 | 22401158/10-12-2024 | 20440 | |
| 10 | 386/2025 | 22401358/25-01-2025 | 21900 | |
| 11 | 1183/2025 | 22401494/27-02-2025 | 21900 | |
| 12 | 1738/2025 | 22401624/17-03-2025 | 16990 | |
| 13 | 1740/2025 | 22401644/18-03-2025 | 2720 | പ്രോജക്ടിൽ ഉൾപ്പെടുത്തിയ തനത് ഫണ്ട് |
| 14 | 1811/2025 | 22401811/31-03-2025 | 21170 | |
| ആകെ | | | 2,24,840 | |

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- പ്രൊജക്ടിൽ ഉൾപ്പെടുത്താതെ വേതനം നൽകിയ കാലയളവിൽ വരെ പ്രതിദിനം 365 രൂപ പ്രകാരമാണ് വേതനം നൽകിയത്. എന്നാൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി പ്രതിദിനം 730 രൂപയാണ് അനുവദിച്ചത്. വേതനം പരിഷ്കരിച്ച് പഞ്ചായത്ത് തീരുമാനം ലഭ്യമാക്കിയിട്ടില്ല.

2- ജി ഒ (ആർ ടി) 1739/2023/ ത സ്വ ഭ വ തീയതി 25-08-2023 നിർദ്ദേശിച്ച പ്രകാരം ഡ്രൈവറുടെ നിയമനം, ജോലിസമയം, ഉത്തരവാദിത്തം എന്നിവ നിശ്ചയിച്ച് കൊണ്ടുള്ള ഓഫീസ് ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

3- ജി ഒ (പി) 29/2021/ധന തീയതി 11-02-2021 പ്രകാരം ദിവസ വേതന ഡ്രൈവർമാക്ക് കാറ്റഗറി II വിഭാഗം ജീവനക്കാർക്ക് പ്രതിമാസം അനുവദിക്കാവുന്ന പരമാവധി വേതനം 19,710 രൂപയിൽ പരിമിതപ്പെടുത്താതെ വേതനം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഫയൽ നമ്പർ | വൗച്ചർ നമ്പർ തീയതി | മാസം | തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | 5740/2024 | 22400595/05-09-2024 | 07/2024 | 21900 | 2,190 |
| 2 | 5869/2024 | 22400695/18-09-2024 | 08/2024 | 21170 | 1460 |
| 3 | 7824/2024 | 22401158/10-12-2024 | 11/2024 | 20440 | 730 |
| 4 | 386/2025 | 22401358/25-01-2025 | 12/2024 | 21900 | 2,190 |
| 5 | 1183/2025 | 22401494/27-02-2025 | 01/2025 | 21900 | 2,190 |
| 6 | 1811/2025 | 22401811/31-03-2025 | 03/2025 | 21170 | 1460 |
| ആകെ | | | | | 10,220 |

സർക്കാർ നിർദ്ദേശത്തിലും അധികം നൽകിയ 10,220 രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

4 – ഹരിത കർമ്മസേന ഡ്രൈവർക്ക് വേതനം നൽകൽ എന്ന പ്രൊജക്ട് തയ്യാറാക്കുകയും പ്രൊജക്ടിൽ ഉൾപ്പെടുത്താതെ 40,150 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/28-07-2025)പഞ്ചായത്ത് ഭരണസമിതിയുടെ 30-8-2022 ലെ 14/207(9)/2022 നമ്പർ തീരുമാന പ്രകാരം ഒരുദിവസത്തെ പകുതി വേതനം എന്ന നിലയിൽ 350 രൂപ വേതനം നിർണയിച്ചതെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജീവനക്കാരന് പൂർണ വേതനം അനുവദിച്ച് കൊണ്ട് പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടില്ല. ജി ഒ (ആർ ടി) 1739/2023/ ത സ്വ ഭ വ തീയതി 25-08-2023 നിർദ്ദേശിച്ച പ്രകാരമാണ് വേതനം അനുവദിച്ചതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ വേതന വർദ്ധന പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചതിന്റെ രേഖകൾ, ഡ്രൈവറുടെ നിയമനം, ജോലിസമയം, ഉത്തരവാദിത്തം എന്നിവ നിശ്ചയിച്ച് കൊണ്ടുള്ള ഓഫീസ് ഉത്തരവ് എന്നിവ ലഭ്യമാക്കിയിട്ടില്ല. അപകങ്ങൾ കാരണം 2,14,620 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ജീവനക്കാരന്റെ വേതനം നിശ്ചയിച്ച ഭരണസമിതി തീരുമാനം ഡ്രൈവറുടെ നിയമനം, ജോലിസമയം, ഉത്തരവാദിത്തം എന്നിവ നിശ്ചയിച്ച് കൊണ്ടുള്ള ഓഫീസ് ഉത്തരവ് എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 സോളാർ പ്ലാന്റ് സ്ഥാപിക്കൽ - വൈദ്യുതി നിരക്കിൽ കുറവ് പ്രതിഫലിക്കുന്നില്ല.രേഖകൾ ഹാജരാക്കിയിട്ടില്ല - 19,02,910 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് പ്രൊജക്ടുകൾ തയ്യാറാക്കിയത്. തൻവർഷം 2 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| പ്രൊജക്ടിന്റെ നമ്പർ പേര് | 169/2025 പഞ്ചായത്ത് സ്കൂളുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ | 123/2025 സോളാർ പവർപ്ലാന്റ് സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ /ഫണ്ടിനം | ₹34,08,048/-<br>₹10,55,138 തനത് ഫണ്ട്<br>₹23,52,910 | ₹12,68,362/-<br>₹7,68,362 തനത് ഫണ്ട്<br>5,00,000 മെയിന്റനൻസ് - |

| | | |
|---|---|---|
| | മെയിന്റനൻസ്-റോഡിതരം | റോഡിതരം |
| ചെലവ് ബിൽ നമ്പർ തീയതി തുക | ₹ 4,50,000 (174/26-09-2024 )<br>₹ 4,50,000 (189/05-10-2024 )<br>₹ 4,50,000 (213/24-10-2024 )<br>₹ 52,910 (384/29-01-2025 )<br>ആകെ ₹ 14,02,910 | ₹ 5,00,000 (385/29-01-2025)<br>ആകെ ₹5,00,000 |

വിവിധ സ്ഥലങ്ങൾ ഓൺ ഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. ഇത് പ്രകാരം താഴെ പറയുന്ന സ്ഥലങ്ങളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനർട്ടിന് 19,02,910 രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | സോളാർ പ്ലാന്റ് കിലോ വാട്ട് | എസ്റ്റിമേറ്റ് തുക |
|---|---|---|---|
| 1 | വേളാപുരം അംഗൻവാടി | 3 | 5,94,000 |
| 2 | പുതിയകുളം സാംസ്കാരിക നിലയം | 2 | |
| 3 | അരോളി എൽ പി സ്കൂൾ അംഗൻവാടി | 3 | |
| 4 | ബഡ്സ് സ്കൂൾ നരയൻകുളം | 5 | 10,78,000 |
| 5 | ബഡ്സ് സ്പെഷൽ സ്കൂൾ ഫിസിയോ തറാപ്പിയുണിറ്റ് | 5 | |
| 6 | ശിശുമന്ദിരം | 3 | |
| 7 | കൃഷി ഭവൻ പാപ്പിനിശ്ശേരി | 5 | 5,57,700 |
| 8 | മൃഗാശുപത്രി പാപ്പിനിശ്ശേരി | 5 | |
| | | | 22,29,700 |

1-സോളാർ പ്ലാന്റുകളിൽ ബഡ്സ് സ്കൂൾ നരയൻകുളം, ബഡ്സ് സ്പെഷൽ സ്കൂൾ ഫിസിയോ തറാപ്പിയുണിറ്റ്, ശിശുമന്ദിരം, കൃഷി ഭവൻ പാപ്പിനിശ്ശേരി, മൃഗാശുപത്രി പാപ്പിനിശ്ശേരി എന്നിവ പ്രവർത്തനക്ഷമമായെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കെ എസ് ഇ ബിയിൽ നിന്ന് ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. അനർട്ടിന് മുൻകൂർ നൽകിയതിൽ അന്തിമ ബിൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. (പ്രൊജക്ട് കോസ്റ്റ് + 10% സർവ്വീസ് ചാർജ് മാത്രമാണ് അനർട്ടിന് അർഹത.) നിർവ്വഹണ ഏജൻസിയായ അനർട്ട് പ്രവർത്തി ചെയ്ത സ്ഥാപനങ്ങളുമായി ഉണ്ടാക്കിയ കരാർ, കെ എസ് ഇ ബിയിൽ നിന്ന് ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 19,02,910 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അനർട്ട് പ്രവർത്തി ചെയ്ത സ്ഥാപനങ്ങളുമായി ഉണ്ടാക്കിയ കരാർ, കെ എസ് ഇ ബിയിൽ നിന്ന് ഇൻസ്റ്റലേഷൻ റിപ്പോർട്ട്, അനർട്ടിന് മുൻകൂർ നൽകിയതിൽ അന്തിമ ബിൽ എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04-06-2025 ലെ എസ് സി -3 178/2025 കത്ത് പ്രകാരം 61 കിലോ വാട്ട് ഉല്പാദന ശേഷിയുള്ള 11 സോളാർ പ്ലാന്റ് പ്രവൃത്തി പൂർത്തിയാക്കിയതായി വ്യക്തമാക്കിയിട്ടുണ്ട്. ഇവയിൽ 8 എണ്ണത്തിൽ കെ എസ് ഇ ബി യുമായി കരാറിൽ ഏർപ്പെട്ട് വൈദ്യുതി നിരക്കിൽ ക്രമീകരണം വരുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 11 സോളാർ പ്ലാന്റ് സ്ഥാപിച്ചിട്ടും വൈദ്യുതി നിരക്കിൽ കാര്യമായ കുറവ് വന്നിട്ടില്ല. ഗ്രാമപഞ്ചായത്ത് കഴിഞ്ഞ മൂന്ന് വർഷം ഒടുക്കിയ വൈദ്യുതി ചാർജ് ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | വർഷം | വൈദ്യുതി ചാർജ് |
|---|---|---|
| 1 | 2022-23 | 8,20,524 |
| 2 | 2023-24 | 10,06,807 |
| 3 | 2024-25 | 10,52,954 |

61 കിലോ വാട്ട് ഉല്പാദന ശേഷിയുള്ള 11 സോളാർ പ്ലാന്റ് പൂർത്തീകരിച്ചതിന് അനുസ്യതമായി വൈദ്യുതി നിരക്കിൽ കുറവ് വന്നാൽ മാത്രമാണ് പ്രൊജക്ട് ലക്ഷ്യം കൈവരിക്കുകയുള്ളു. ലക്ഷ്യമിട്ട 61 കിലോ വാട്ട് ഉല്പാദന ശേഷി കൈവരിച്ചിട്ടുണ്ടോയെന്ന് കെ.എസ്.ഇ.ബി, അനർട്ട് എന്നിവയുമായി ചേർന്ന് പരിശോധന നടത്തി പദ്ധതിയുടെ പ്രയോജനം ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്. പൂർത്തിയാക്കിയ സോളാർപ്ലാന്റുകളിൽ കേന്ദ്ര ഗവർമെന്റിൽ നിന്ന് സബ്സിഡിക്ക് അർഹതയുണ്ടോയെന്ന് പരിശോധിച്ച് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 കണ്ണൂർ വിവരസഞ്ചയിക – പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ 2,20,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ പേര് | 171/2025 കണ്ണൂർ വിവര സഞ്ചയിക |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ /ഫണ്ടിനം | 6,00,000 തനത് ഫണ്ട് |
| വൗച്ചർ നമ്പർ തീയതി തുക | 22400875/18-10-2024 ₹2,20,000 |

സർക്കാർ ഉത്തരവുകൾ ജി ഒ (ആർ.ടി) 687/2016/ത.സ്വ.ഭ.വ തീയതി 19.02.2016, ജി ഒ (ആർ.ടി) 2556/2018 /ത.സ്വ.ഭ.വ തീയതി 04-10-2018 എന്നിവ പ്രകാരം പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ ജി ഐ എസ് മാപ്പിംഗ് പ്രവൃത്തികൾ ഉൾപ്പടെയുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഊരാളുങ്കൽ ലേബർ കേൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുമായി 05.01.23 ന് കരാറിലേർപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം പ്രകാരം ജി ഐ എസ് മാപ്പിംഗ് പ്രവൃത്തി ഐ.കെ.എം സൂപ്പർവൈസ് ചെയ്യേണ്ടതാണ്. ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാൻ സാധിക്കുന്ന വിധത്തിൽ വേണം ജി ഐ എസ് മാപ്പിംഗ് നടത്താൻ. പ്രോപ്പർട്ടി അസസ്മെന്റിന് ജി ഐ എസ് മാപ്പിംഗ് ഉപകരിക്കണം, തദ്ദേശ സ്ഥാപന തലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ കൂടി മാപ്പിംഗ് പരിധിയിൽ കൊണ്ടുവരണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പ്രവൃത്തിക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് (ULCCS)ഓഡിറ്റ് കാലയളവ് വരെ 25,36,086രൂപ അനുവദിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക |
|---|---|
| 2022-23 | 15,90,220 |
| 2023-24 | 7,25,866 |
| 2024-25 | 2,20,000 |
| ആകെ | 25,36,086 |

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലഭ്യമാക്കിയ ഇൻവോയിസ് പ്രകാരം താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ തീയതി | ഇനം | തുക |
|---|---|---|---|
| 1 | ULC/23-24 /393/25-11-2022 | ബിൽഡിംഗ് പ്രോപ്പർട്ടി സർവ്വേ | 59,968 |
| 2 | ULC/23-24 /535/25-11-2022 | ബിൽഡിംഗ് പ്രോപ്പർട്ടി സർവ്വേ | 1,29,800 |
| 3 | ULC/22-23 /492/28-02-2023 | ഡ്രോൺ സർവ്വേ | 3,54,000 |
| 4 | ULC/22-23 /492/28-02-2023 | ബേസ് മാപ്പ് പ്രിപ്രേഷൻ | 1,23,900 |
| 5 | ULC/22-23 /539/24-03-2024 | ബിൽഡിംഗ് പ്രോപ്പർട്ടി സർവ്വേ | 4,28,340 |
| 6 | ULC/22-23 | ഡാറ്റ അനാലിസിസ്, | 3,54,000 |

| | | | |
|---|---|---|---|
| | /538/24-03-2024 | വെബ് ജി ഐ എസ് പോർട്ടൽ | |
| 7 | ULC/23-24 /603/10-01-2024 | ഡാറ്റ ഇന്റഗ്രേഷൻ &കമ്മിഷനിംഗ് | 2,36,000 |
| 8 | ULC/23-24 /707/02-02-2024 | ബിൽഡിംഗ് പ്രോപ്പർട്ടി സർവ്വേ | 3,00,098 |
| 9 | ULC/23-24 /469/02-11-2023 | ബിൽഡിംഗ് പ്രോപ്പർട്ടി സർവ്വേ | 3,18,010 |
| | | ആകെ | 23,04,116 |

23,04,116 രൂപയുടെ ഇൻവോയിസ് മാത്രമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലഭ്യമാക്കിയത്. സൊസൈറ്റിക്ക് 25,36,086 അനുവദിച്ചത് കാരണം ഇൻവോയിസിലും 2,31,970 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. സൊസൈറ്റിക്ക് ആകെ 3,64,100 നല്കാനുണ്ടെന്നും ഐ കെ എം വിന്യസിച്ച സോഫ്റ്റ് വെയറുമായി സംയോജിപ്പിച്ചതിന് ശേഷമേ അവശേഷിക്കുന്ന തുക അനുവദിക്കുകയുള്ളുവെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പ്രോജക്ടിലെ മറ്റ് അപാകങ്ങൾ

(1) ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാതെയാണ് ഡാറ്റ അനാലിസിസ്, വെബ് ജി ഐ എസ് പോർട്ടൽ, ഡാറ്റ ഇന്റഗ്രേഷൻ & കമ്മിഷനിംഗ് എന്നയിനത്തിൽ 5,90,000 രൂപ അനുവദിച്ചത്. (മേൽ പട്ടിക ക്രമനമ്പർ 6,7)

(2) പ്രോപ്പർട്ടി അസസ്മെന്റിന് ജി ഐ എസ് മാപ്പിംഗ് ഉപയോഗപ്പെടുത്തിയിട്ടില്ല.

(3) തദ്ദേശ സ്ഥാപന തലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ ഗ്രാമപഞ്ചായത്ത് പ്രയോജനപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റ് പ്രകാരം ലഭ്യമാക്കേണ്ട മുഴുവൻ ഡാറ്റയും ലഭ്യമാക്കിയോ എന്ന് പരിശോധിക്കേണ്ടതാണ്.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/30-07-2025) സഞ്ചയ സോഫ്റ്റ്വെയറുമായി സംയോജിപ്പിക്കുന്ന മുറക്ക് പൂർണ്ണതോതിൽ പ്രോപ്പർട്ടി അസസ്മെന്റിന് ഉപയോഗിക്കുമെന്നും ഡാറ്റ ഇന്റഗ്രേഷൻ നടത്തുന്നതിന് ഐ കെ എം മായി ചേർന്ന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ കാരണം തൻവർഷം ചെലവഴിച്ച 2,20,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 വേളാപുരം നരയൻകുളം ജനകീയ റോഡ് ഇന്റർ ലോക്ക് പൂർത്തീകരിക്കുന്നതിലെ കാലതാമസം - പിഴ ഈടാക്കിയില്ല.

മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ 2012-ലെ പി.ഡബ്ല്യൂ.ഡി മാനുവലിലെ സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, പി എ സി യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ആദ്യ തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടി വരുന്ന പക്ഷം 2% നിരക്കിൽ പിഴ ഈടാക്കണം. എന്നാൽ ഒരു പ്രവൃത്തിക്ക് അനുവദിക്കാവുന്ന പരമാവധി പൂർത്തീകരണകാലാവധി ആ പ്രവൃത്തിയുടെ അനുവദനീയകാലാവധിയുടെ പകുതിയിൽ അധികരിക്കുവാൻ പാടുള്ളതല്ല.നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ പകുതിയിലധികം ഒരു കാരണവശാലും ദീർഘിപ്പിച്ച് നൽകുന്നതെന്നും പ്രത്യേക കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. (സർക്കാരിന്റെ 02-04-2024 തീയതിയിലെ ജി.ഒ (എം എസ് ) 21/24/PWDനമ്പർ ഉത്തരവിൽ പിഴ ഈടാക്കേണ്ടത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.എന്നാൽ മേൽ പരാമർശിച്ച പ്രകാരം പിഴ ഈടാക്കുന്നതിനാണ് സ്പഷ്ടീകരണത്തിന് മുൻപ് ഏർപ്പെട്ട കരാർ വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പിഴ കണക്കാക്കിയത് അപ്രകാരമാണ്) ഈടാക്കേണ്ട പിഴ സംബന്ധിച്ച വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension (Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum |

| | |
|---|---|
| | Of Rs. 100000 |

എന്നാൽ താഴെക്കൊടുത്ത പ്രവൃത്തിയിൽ ഈ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കിയല്ല പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നല്കിയത്. മാത്രവുമല്ല, നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ പകുതിയിലധികം ദീർഘിപ്പിച്ച് നൽകിയതും ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ | 192/25 (സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | വേളാപുരം നരയൻകുളം ജനകീയ റോഡ് ഇന്റർ ലോക്ക് |
| അടങ്കൽ തുക | ₹5,41,771 തനത് ഫണ്ട്<br>(പ്രോജ. നം. 147/23 – 5,00,000 – 2023-24, 41,771- 2024-25) |
| പി എ സി തുക | ₹ 4,59,451 |
| ചെലവ് തുക | 1)₹4,81,634 (വൗച്ചർ നമ്പർ 22301341/02-02-2024)<br>2)₹18,366 (വൗച്ചർ നമ്പർ 22301344/03-02-2024)<br>3)₹41,771 (വൗച്ചർ നമ്പർ 22400700/19-09-2024 )<br>ആകെ-₹ 5,41,771 |
| കരാറുകാരന്റെ പേര് | കെ അബൂബക്കർ സിദ്ദിഖ് |
| കരാർ നമ്പർ,തീയതി. | 29/AE/PPRY/LID AND EW/2022-23<br>തീയതി 03-02-2023 |
| പൂർത്തീകരണ കാലാവധി | 6 മാസം |
| സൈറ്റ് കൈമാറിയ തീയതി | 16-01-2023 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 16-07-2023 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 16-01-2024 |
| പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അധികം എടുത്ത സമയത്തിന്റെ വിവരം | കരാർ കാലാവധിക്ക് ശേഷം 183 ദിവസം അധികമെടുത്താണ് പ്രവൃത്തി പൂർത്തീകരിച്ചത്. |
| ഈടാക്കേണ്ട പിഴ പി എ സിയുടെ 4,59,451(3%) | ₹13784 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ് | 13784 |

പിഴ ഈടാക്കാതെ പൂർത്തീകരണ കാലവധി ദീർഘീകരിപ്പിച്ചതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (58/02-08-2025) മറുപടി ലഭിച്ചിട്ടില്ല. പിഴ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-40 ശമ്പള പരിഷ്കരണ കുടിശ്ശിക – സർക്കാർ നിർദ്ദേശം പാലിക്കാതെ തുക അനുവദിച്ചു 21450 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വൗച്ചർ നമ്പർ 22401186/11-12-2024 ₹42,901

ഫയൽ നമ്പർ 7950/2024

30-11-2024 ൽ സേവനത്തിൽ നിന്ന് വിരമിച്ച ശ്രീ വേണു പി പാർട്ട് ടൈം പൗണ്ട് കീപ്പർക്ക് സ. ഉ(പി)

27/2021/ധന തീയതി 10-02-2021 പ്രകാരമുള്ള ശമ്പള പരിഷ്കരണ കുടിശ്ശികയിനത്തിൽ 42901 രൂപ അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശിക നാല് തുല്യ ഗഡുക്കളായാണ് വിതരണം ചെയ്യുന്നതിനാണ് നിർദ്ദേശമെങ്കിലും മുഴുവൻ തുകയും ജീവനക്കാരന് അനുവദിക്കുകയാണ് ചെയ്തത്. സ ഉ(അച്ചടി) 38/2025/(79)/ധന തീയതി 29-03-2025 ൽ മാത്രമാണ് ശമ്പള പരിഷ്കരണ കുടിശ്ശിക ആദ്യ രണ്ട് ഗഡുക്കൾ വിരമിച്ച ജീവനക്കാർക്ക് അനുവദിക്കുന്നതിന് അനുമതി നൽകിയത്. ഇത് പ്രകാരം ജീവനക്കാരന് 21,451 രൂപക്ക് മാത്രമാണ് അർഹത. അധികം അനുവദിച്ച് 21450 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശം ലഭിക്കുന്നതിന് മുന്നേ മുഴുവൻ ഗഡുക്കളും അനുവദിച്ചതിന്റെ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (60/02-08-2025) അടുത്ത ഗഡു അനുവദിക്കുന്ന സമയത്ത് ടി തുക അനുവദിക്കുന്നില്ലയെന്ന് ഉറപ്പുവരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് വരുന്നമുറക്ക് ക്രമീകരിച്ച് തടസ്സം ഒഴിവാക്കി വിവരം അറിയിക്കേണ്ടതും പിന്നീട് തുക വീണ്ടും അനുവദിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-41 വ്യക്തിഗത അക്കൗണ്ടിൽ തുക അനുവദിക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ പദ്ധതി/പ്രവർത്തികളിൽ കൂലി/ ഹോണറേറിയം എന്നിവ വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിൽ അനുവദിക്കാതെ അക്വിറ്റൻസ്/മസ്റ്റർ റോൾ ഹാജരാക്കി സൂപ്പർവൈസ് ചെയ്യുന്നവർക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ അനുവദിക്കുന്നത് കാരണം വിതരണത്തിന്റെ സുതാര്യത, കൃത്യത എന്നിവ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | ഇനം | അനുവദിച്ച തുക | അനുവദിക്കേണ്ടത് | അനുവദിച്ചത് |
|---|---|---|---|---|
| 1 | മണൽ വാരൽ തൊഴിലാളി കൂലി, തോണി വാടക | 134696 | മണൽ വാരൽ തൊഴിലാളികൾക്ക്, തോണി ഉടമക്ക് | കടവ് സൂപ്പർവൈസർ |
| 2 | വസ്തുനികുതി ഡിമാന്റ് നോട്ടീസ് വിതരണം | 1,10,860 | ഡിമാന്റ് നോട്ടീസ് വിതരണം ചെയ്ത കുടുംബശ്രീ അംഗങ്ങൾക്ക് | സിഡിഎസ് ചെയർപേഴ്സൻ |

സ ഉ (പി)177/2006/(ധന) തീയതി 12-04-2006പ്രകാരം 1000 മുകളിലുള്ള തുകകൾ കാഷ് ആയി വിതരണം ചെയ്യരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പാലിക്കാതെ തുക വിതരണം ചെയ്തത് ശരിയായ നടപടിയല്ല. അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-42 ആരോഗ്യ മേഖല ഗ്രാന്റ് - അവലോകനം

